## ഹയർ സെക്കന്ററി

# സംഗീതം

## ക്ലാസ് - XII

കേരള സർക്കാർ
വിദ്യാഭ്യാസ വകുപ്പ്

തയാറാക്കിയത്
സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം
2019

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയ ഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു. സമ്പൂർണവും വൈവിധ്യപൂർണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

*Prepared by :*

**State Council of Educational Research and Training (SCERT)**
Poojappura, Thiruvananthapuram 695012, Kerala

*Website* : www.scertkerala.gov.in *e-mail* : scertkerala@gmail.com
Phone : 0471 - 2341883, Fax : 0471 - 2341869
Typesetting and Layout : SCERT
© Department of Education, Government of Kerala

*To be printed in quality paper - 80gsm map litho (snow-white)*

# ആമുഖം

ഏതു വിജ്ഞാനവും മാതൃഭാഷയിൽ പഠിക്കാനും പ്രകാശനം ചെയ്യാനും സാധിക്കും. അതിനുള്ള അവസരം പഠിതാക്കൾക്ക് ഒരുക്കേണ്ടത്, പുതിയ പഠന സമ്പ്രദായത്തിന്റെ അനിവാര്യതയാണ്. അതിന്റെ പ്രഥമപ്രവർത്തനമെന്ന നിലയ്ക്കാണ് ഹയർസെക്കന്ററി തലത്തിൽ ഭാഷേതര വിഷയങ്ങളിലെ പാഠപുസ്തകങ്ങൾ മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നത്.

മാതൃഭാഷയിലൂടെയുള്ള വിദ്യാഭ്യാസം, ജ്ഞാനസമ്പാദനത്തിനുള്ള സുഗമ മാർഗം എന്നതിനോടൊപ്പം സാംസ്കാരികത്തനിമയുടെ തിരിച്ചറിയൽ കൂടെയാണ്. അതുകൊണ്ടാണ് വികസിതരാജ്യങ്ങൾ മാതൃഭാഷയെ മുഖ്യ ബോധന മാധ്യമമായി സ്വീകരിച്ചിരിക്കുന്നത്. ദേശീയതലത്തിലുള്ള പ്രധാന പരീക്ഷകളെല്ലാം പ്രാദേശിക ഭാഷകളിൽക്കൂടി നടത്തുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. അത്തരം സാഹചര്യത്തിൽ നമ്മുടെ കുട്ടികളും മാതൃഭാഷയുടെ ശക്തിസൗന്ദര്യങ്ങൾ അനുഭവിച്ചറിഞ്ഞ് വിവിധ വിഷയങ്ങളിൽ ജ്ഞാനനിർമിതിയിൽ ഏർപ്പെടേണ്ടതുണ്ട്. അതിന് അവരെ സജ്ജരാക്കുകയെന്നതാണ് ഈ പാഠപുസ്തകങ്ങളുടെ മുഖ്യ ലക്ഷ്യം.

പരിഭാഷപ്പെടുത്തിയ പുസ്തകങ്ങളിൽ അതത് വിഷയങ്ങളിലെ സാങ്കേതിക പദങ്ങൾ പരമാവധി മലയാളത്തിലാക്കിയിട്ടുണ്ട്. നമ്മുടെ ഭാഷയിൽ ചിരപരിചിതമായ ഇംഗ്ലീഷ് പദങ്ങളെ അതേപടി സ്വീകരിച്ചിട്ടുണ്ട്. വിവർത്തനത്തിന് തീർത്തും വഴങ്ങാത്ത പദങ്ങളെ ലിപ്യന്തരണം നടത്തി ഉപയോഗിച്ചിരിക്കുന്നു. മാതൃഭാഷയിലൂടെ പഠനം ആഗ്രഹിക്കുന്നവർക്ക് ആശയഗ്രഹണം സുഗമമാക്കുന്നതിനുള്ള വിധത്തിലാണ് പുസ്തകരചന നടത്തിയിരിക്കുന്നത്. അതോടൊപ്പം മലയാളഭാഷയുടെ വളർച്ചയ്ക്കും ഈ പ്രവർത്തനം സഹായകമാകുമെന്ന് കരുതുന്നു. പ്രഥമ സംരംഭമെന്ന നിലയിൽ പല പരിമിതികളും പരിഭാഷയിൽ വന്നിട്ടുണ്ട്. തുടർന്ന് വരുന്ന ഘട്ടങ്ങളിൽ അതൊക്കെ പരിഹരിക്കുന്നതിനുള്ള അഭിപ്രായങ്ങളും നിർദേശങ്ങളും എല്ലാ അഭ്യുദയകാംക്ഷികളിൽ നിന്നും പ്രതീക്ഷിക്കുന്നു.

**ഡോ.ജെ. പ്രസാദ്**

ഡയറക്ടർ,

എസ്.സി.ഇ.ആർ.ടി. കേരളം

## പാഠപുസ്തക വിവർത്തനം
## ശില്പശാലയിൽ പങ്കെടുത്തവർ

**ശ്രീമതി. മിലു അഗസ്റ്റിൻ**

ജി.എച്ച്.എസ്.എസ്. ഫോർ ഗേൾസ് കോട്ടൺഹിൽ,

തിരുവനന്തപുരം

**ശ്രീമതി. ബിനിത മനോഹർ**

എസ്.എൻ.ഡി.പി.
എച്ച്.എസ്.എസ്. പാലിശ്ശേരി, തൃശ്ശൂർ

**ശ്രീ. രവീന്ദ്രൻ**

കെ.കെ.എം.എച്ച്.എസ്.എസ്, വണ്ടിത്താവളം, പാലക്കാട്.

**ശ്രീമതി. വീണ. ജെ**

അസിസ്റ്റന്റ് പ്രൊഫസർ,
ഡിപ്പാ. ഓഫ് മ്യൂസിക്, കേരള സർവകലാശാല

### വിദഗ്ധർ

**ഡോ. സുനിൽ. വി.ടി**

അസോസിയേറ്റ് പ്രൊഫസർ,

എസ്.എസ്.ടി. ഗവ. കോളേജ് ഓഫ് മ്യൂസിക്, തിരുവനന്തപുരം

**ഡോ. ജി. സുജാത**

അസോസിയേറ്റ് പ്രൊഫസർ (റിട്ട), ഗവ. വിമെൻസ് കോളേജ്,

തിരുവനന്തപുരം

### അക്കാദമിക് കോർഡിനേറ്റർ

**ഡോ. അജീഷ്. പി.ടി**
റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി

Z8P2U5

# ഉള്ളടക്കം


**ഭാഗം - 1 സിദ്ധാന്തം**

യൂണിറ്റ് - 1 ജന്യരാഗവർഗീകരണം

യൂണിറ്റ് - 2 സംഗീതരൂപങ്ങൾ

യൂണിറ്റ് - 3 കേരളസംഗീതം

യൂണിറ്റ് - 4 സംഗീതോപകരണങ്ങൾ

യൂണിറ്റ് - 5 സംഗീതക്കച്ചേരി

യൂണിറ്റ് - 6 വാഗ്ഗേയകാരന്മാർ

യൂണിറ്റ് - 7 രാഗലക്ഷണം

**ഭാഗം - 2 പ്രയോഗം**

യൂണിറ്റ് - 8 സംഗീതരൂപങ്ങൾ - 1

യൂണിറ്റ് - 9 സംഗീതരൂപങ്ങൾ - 2

യൂണിറ്റ് - 10 സംഗീതരൂപങ്ങൾ - 3

## പാഠപുസ്തകത്തിൽ ഉപയോഗിച്ചിരിക്കുന്ന തിരിച്ചറിയൽ ചിഹ്നങ്ങൾ



യൂണിറ്റ്



ഓർമിക്കുക



പ്രവർത്തനം



പഠനനേട്ടം

ഭാഗം - 1



നിശാന്തം

X7Z2D8

## യൂണിറ്റ് - 1

# ജന്യരാഗ വർഗീകരണം

### പഠനനേട്ടങ്ങൾ

- ജന്യരാഗങ്ങളെ തിരിച്ചറിയുന്നു.
- വർജം - വക്രം - ഉപാംഗം - ഭാഷാംഗം എന്നിങ്ങനെ ജന്യരാഗങ്ങളെ വർഗീകരിക്കുന്നു.
- ഔഡവ - ഷാഡവ രാഗങ്ങൾ പരിചയപ്പെടുന്നു.
- പഞ്ചമാന്ത്യ - ധൈവതാന്ത്യ - നിഷാദാന്ത്യരാഗങ്ങളെക്കുറിച്ച് അറിവ് ലഭിക്കുന്നു.
- ഘന - നയ - ദേശ്യരാഗങ്ങൾ പരിചയപ്പെടുന്നു.
- രാഗങ്ങളിലെ അന്യസ്വര പ്രയോഗം മനസ്സിലാക്കുന്നു.

### പ്രധാനാശയങ്ങൾ

- ജന്യരാഗവർഗീകരണം
- വർജരാഗങ്ങൾ
- വക്രരാഗങ്ങൾ
- ഉപാംഗ - ഭാഷാംഗ രാഗങ്ങൾ
- പഞ്ചമാന്ത്യ രാഗങ്ങൾ
- ധൈവതാന്ത്യ രാഗങ്ങൾ
- നിഷാദാന്ത്യ രാഗങ്ങൾ
- ഘന - നയ - ദേശ്യ രാഗങ്ങൾ

## 1.1 ആമുഖം

ശ്രോതാവിന്റെ മനസ്സിനെ രഞ്ജിപ്പിക്കുന്ന സ്വരസമ്മേളനമാണ് രാഗം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. വിവിധ സ്വരങ്ങളുടെ വ്യത്യസ്ത സങ്കലനം വിവിധ രാഗങ്ങളുടെ പിറവിക്ക് ഹേതുവാകുന്നു. ഓരോ രാഗത്തിനും അതിന്റേതായ വ്യക്തിത്വമുണ്ട്. സംഗീതത്തിൽ ജ്ഞാനവും പരിശീലനവുമുള്ള ഒരാൾക്ക് ഓരോ രാഗവും വളരെ പെട്ടെന്ന് തിരിച്ചറിയുന്നതിന് സാധിക്കും. ഓരോ രാഗവും വ്യത്യസ്ത സ്വരച്ചേർച്ചകൾക്ക് ഉദാഹരണങ്ങളാണ്. സ്വരസ്ഥാനങ്ങൾ, ഓരോ സ്വരവും പ്രയോഗിക്കേണ്ട രീതി എന്നിവ ഓരോ രാഗത്തിനും അഴകും സൗന്ദര്യവും നൽകുന്നു. വ്യത്യസ്തങ്ങളായ വികാരവിചാരങ്ങളെ സൂക്ഷ്മമായി പ്രതിഫലിപ്പിക്കാൻ കഴിയുന്ന ധ്വനിവിശേഷം കൂടിയായാണ് രാഗത്തെ വിശേഷിപ്പിക്കുന്നത്.

രാഗങ്ങളെ പൊതുവായി ജനകരാഗങ്ങൾ, ജന്യരാഗങ്ങൾ എന്നിങ്ങനെ രണ്ടായി തരംതിരിച്ചിരിക്കുന്നു. മേളരാഗം, മേളകർത്താരാഗം, സമ്പൂർണ്ണ രാഗം എന്നിങ്ങനേയും ജനകരാഗങ്ങൾ അറിയപ്പെടുന്നു. ജനകരാഗങ്ങളിൽ നിന്ന് ജനിക്കുന്നവയാണ് ജന്യരാഗങ്ങൾ. സാധാരണഗതിയിൽ ജനകരാഗത്തിന്റെ സ്വരസ്ഥാനങ്ങൾ തന്നെയാണ് ജന്യരാഗങ്ങളിലും കാണപ്പെടുന്നത്. വർജരാഗങ്ങൾ, വക്രരാഗങ്ങൾ, ഉപാംഗരാഗങ്ങൾ, ഭാഷാംഗരാഗങ്ങൾ, പഞ്ചമാന്ത്യരാഗങ്ങൾ, ധൈവതാന്ത്യരാഗങ്ങൾ, നിഷാദാന്ത്യരാഗങ്ങൾ, ഘന-നയ-ദേശ്യരാഗങ്ങൾ എന്നിങ്ങനെ ജന്യരാഗങ്ങളെ വർഗീകരിച്ചിട്ടുണ്ട്.

## 1.2 വർജ്യരാഗങ്ങൾ

ആരോഹണത്തിലോ അവരോഹണത്തിലോ അല്ലെങ്കിൽ രണ്ടിലുമോ ഒന്നോ, രണ്ടോ, മൂന്നോ സ്വരങ്ങൾ വിട്ടുകളഞ്ഞിട്ടുള്ള ജന്യരാഗങ്ങളെ വർജ്യരാഗങ്ങൾ എന്ന് വിളിക്കുന്നു. ഈ സ്വരങ്ങൾ വർജ്യസ്വരങ്ങൾ എന്നും അറിയപ്പെടുന്നു. ആരോഹണത്തിലോ അവരോഹണത്തിലോ ഉള്ള വർജ്യസ്വരങ്ങളുടെ സംഖ്യയനുസരിച്ച് ജന്യരാഗങ്ങളെ വീണ്ടും വർഗീകരിച്ചിരിക്കുന്നു. ആരോഹണത്തിലും അവരോഹണത്തിലും കൂടി കുറഞ്ഞത് നാല് സ്വരങ്ങളെങ്കിലും ഉപയോഗിക്കുന്ന രാഗങ്ങളെയാണ് ജന്യരാഗങ്ങളായി കണക്കാക്കിയിട്ടുള്ളത്.

## 1.3 ഷാഡവ – ഔഡവ – സ്വരാന്തര രാഗങ്ങൾ

ആരോഹണത്തിലും അവരോഹണത്തിലും ആറ് സ്വരങ്ങൾ വീതം വരുന്ന രാഗങ്ങളാണ് ഷാഡവ രാഗങ്ങൾ. രണ്ട് സ്വരങ്ങൾ വർജ്യമായി വരുന്ന അഞ്ച് സ്വരങ്ങളുള്ള രാഗങ്ങൾ ഔഡവ രാഗങ്ങൾ എന്നറിയപ്പെടുന്നു. നാല് സ്വരങ്ങൾ ആരോഹണാവരോഹണങ്ങളിൽ വരുന്ന രാഗങ്ങളാണ് സ്വരാന്തര രാഗങ്ങൾ. പ്രാചീന തമിഴ് സംഗീതത്തിൽ ഷാഡവ- ഔഡവ-സ്വരാന്തര രാഗങ്ങൾ യഥാക്രമം പണ്ണിയതിറം, തിറം, തിറത്തിറം എന്നീ പേരുകളിൽ അറിയപ്പെട്ടിരുന്നു.

ഏട്ട് തരം വർജ്യരാഗങ്ങളാണ് സാധാരണയായി ഉപയോഗിക്കപ്പെടുന്നത്.

| | വിഭാഗം | ഉദാഹരണം |
|---|---|---|
| 1. | ഷാഡവ - സമ്പൂർണ്ണം | കാംബോജി, പൂർവികല്യാണി, |
| 2. | ഔഡവ - സമ്പൂർണ്ണം | സാവേരി, ബിലഹരി |
| 3. | സമ്പൂർണ്ണ - ഷാഡവം | ഭൈരവം |
| 4. | സമ്പൂർണ്ണ - ഔഡവം | ഗരുഡധ്വനി, സാരമതി |
| 5. | ഷാഡവ - ഷാഡവം | ശ്രീരഞ്ജിനി, ഹംസാനന്ദി |
| 6. | ഷാഡവ - ഔഡവം | ബഹുദാരി |
| 7. | ഔഡവ - ഷാഡവം | മലഹരി, വസന്ത |
| 8. | ഔഡവ - ഔഡവം | മോഹനം, ഹംസധ്വനി |

**ഓർമ്മിക്കുക**

*“ജന്യരാഗങ്ങളുടെ വർഗീകരണം*

**പ്രവർത്തനം**

*ഔഡവ – ഷാഡവ – സ്വരാന്തര രാഗങ്ങളുടെ പേരുകൾ ഉൾക്കൊള്ളുന്ന ഒരു ചാർട്ട് തയാറാക്കുക*

## 1.4 വക്രരാഗങ്ങൾ

ആരോഹണത്തിലോ അവരോഹണത്തിലോ രണ്ടിലുമോ വക്രമായി സ്വരങ്ങൾ പ്രയോഗിക്കുന്നവയാണ് വക്രരാഗങ്ങൾ. ഈ രാഗങ്ങളിൽ ഒന്നോ, രണ്ടോ ചിലപ്പോൾ നാല് സ്വരങ്ങൾ വരെ വക്രമായി കാണപ്പെടുന്നു. സമ്പൂർണ്ണം, ഷാഡവം, ഔഡവം, ഉപാംഗം, ഭാഷാംഗം എന്നീ വിഭാഗങ്ങളിൽ ഏതെങ്കിലുമൊന്നിൽപ്പെടുന്നവയായിരിക്കും വക്രരാഗങ്ങൾ.

വക്രരാഗങ്ങളെ മൂന്നായി തരംതിരിച്ചിരിക്കുന്നു

1 **ആരോഹണവക്രരാഗം**

ആരോഹണത്തിൽ മാത്രം സ്വരങ്ങൾ വക്രമായി വരുന്നവയാണിവ.
ഉദാ:- ആനന്ദഭൈരവി
ആരോഹണം : സഗരിഗമ പധപസ
അവരോഹണം: സനിധപ മഗരിസ

2 **അവരോഹണവക്രരാഗം**

ആവരോഹണത്തിൽ മാത്രം വക്രസ്വരങ്ങൾ വരുന്നവയാണിവ.
ഉദാ:- ശ്രീരാഗം
ആരോഹണം : സരിമ പനിസ
അവരോഹണം: സനിപധനി പമരിഗരിസ

3 **ഉഭയവക്രരാഗം**

ആരോഹണത്തിലും അവരോഹണത്തിലും സ്വരങ്ങൾ വക്രമായി വരുന്ന രാഗങ്ങൾ ഉഭയവക്രരാഗങ്ങൾ എന്നറിയപ്പെടുന്നു.
ഉദാ (1): ശഹാന
ആരോഹണം : സരിഗമ പമധാനിസ
അവരോഹണം: സനിസധാപമ ഗമരി ഗരിസ
ഉദാ (2):- രീതിഗൗള
ആരോഹണം : സഗരിഗമ നിധമനിനിസ
അവരോഹണം: സനിധമ ഗമപമാ ഗരിസ

**ഓർമ്മിക്കുക**

*വിവിധ വക്രരാഗങ്ങളുടെ ആരോഹണാവരോഹണങ്ങൾ*

ആരോഹണാവരോഹണങ്ങളിലെ സ്വരങ്ങളുടെ എണ്ണമനുസരിച്ച് വക്രരാഗങ്ങളെ 9 ആയി തരം തിരിച്ചിരിക്കുന്നു.

| | | | |
|---|---|---|---|
| 1. | സമ്പൂർണ്ണ | – | സമ്പൂർണ്ണം |
| 2. | സമ്പൂർണ്ണ | – | ഷാഡവം |
| 3. | സമ്പൂർണ്ണ | – | ഔഡവം |
| 4. | ഷാഡവ | – | ഷാഡവം |
| 5. | ഷാഡവ | – | സമ്പൂർണ്ണം |
| 6. | ഷാഡവ | – | ഔഡവം |
| 7. | ഔഡവ | – | സമ്പൂർണ്ണം |
| 8. | ഔഡവ | – | ഷാഡവം |
| 9. | ഔഡവ | – | ഔഡവം |

## 1.5 ഏകസ്വരവക്ര – ദ്വിസ്വരവക്ര – ചതുർസ്വര വക്രരാഗങ്ങൾ

ഒരു സ്വരം മാത്രം വക്രമായി വരുന്നവയാണ് ഏകസ്വരവക്രരാഗങ്ങൾ. ഉദാ: കേദാരം, രണ്ട് വക്രസ്വരങ്ങൾ വരുന്നവ ദ്വിസ്വര വക്രരാഗം എന്നറിയപ്പെടുന്നു. ഉദാ:– ശ്രീരാഗം. ചതുർസ്വരവക്രരാഗത്തിനുദാഹരണമാണ് അസാവേരി രാഗം. ചതുർസ്വരവക്രരാഗങ്ങൾ അപൂർവമായി മാത്രമേ കാണപ്പെടുന്നുള്ളൂ.

## 1.6 ഉപാംഗ – ഭാഷാംഗ രാഗങ്ങൾ

മേളരാഗങ്ങളുടെ അതേ സ്വരസ്ഥാനങ്ങൾ ഉപയോഗിക്കുന്നവയാണ് ഉപാംഗരാഗങ്ങൾ. ഉദാ:– 1. മോഹനം (28–ാം മേളം ഹരികാംബോജി ജന്യം) 2. മലഹരി (15–ാം മേളം മായാമാളവഗൗള ജന്യം). ഉപാംഗരാഗങ്ങൾ വക്രരാഗമോ വർജരാഗമോ ആകാം.

മേളരാഗത്തിന്റെ സ്വരങ്ങളിൽ നിന്ന് വ്യത്യസ്തമായി ഒന്നോ അതിൽ കൂടുതലോ അന്യസ്വരങ്ങൾ ഉപയോഗിക്കുന്ന രാഗങ്ങളാണ് ഭാഷാംഗരാഗങ്ങൾ. ബിലഹരി, കാംബോജി എന്നിവ ഭാഷാംഗരാഗങ്ങൾക്ക് ഉദാഹരണങ്ങളാണ്. സാധാരണ ഗതിയിൽ ചില പ്രത്യേക രാഗസഞ്ചാരങ്ങളിലാണ് അന്യസ്വരങ്ങൾ പ്രയോഗിക്കപ്പെടുന്നത്. ഇവ രാഗസ്വരൂപത്തെക്കാണിക്കുന്നവയുമായിരിക്കും. അന്യസ്വരങ്ങൾ ഭാഷാംഗസ്വരങ്ങൾ എന്ന പേരിലറിയപ്പെടുന്നു.

28–ാം മേളമായ ഹരികാംബോജിയുടെ ജന്യമായ കാംബോജിയുടെ "സനിപധസ" എന്ന പ്രയോഗത്തിൽ കാകളിനിഷാദം അന്യസ്വരമായി വരുന്നു. അതേപോലെ 29–ാം മേളമായ ധീരശങ്കരാഭരണത്തിന്റെ ജന്യരാഗമായ ബിലഹരിയിൽ പധനിപധപ എന്ന പ്രയോഗത്തിൽ കൈശികി നിഷാദം അന്യസ്വരമായി വരുന്നു. ചില ഭാഷാംഗരാഗങ്ങളിൽ ആരോഹണത്തിലോ അവരോഹണത്തിലോ അന്യസ്വരങ്ങൾ കാണപ്പെടുന്നു. 20–ാം മത് മേളമായ നഠഭൈരവിയുടെ ജന്യരാഗമായ 'ഭൈരവി', 65–ാമത് മേളകർത്താരാഗം മേച

കല്യാണിയുടെ ജന്യമായ 'സാരംഗ' എന്നീ ഭാഷാംഗരാഗങ്ങൾ ഇവയ്ക്ക് ഉദാഹരണങ്ങളാണ്. ഭൈരവി രാഗത്തിന്റെ അന്യസ്വരമായ ചതുശ്രുതി ധൈവതം ആരോഹണത്തിലും (സരിഗമപധനിസ) 'സാരംഗ' യുടെ അന്യസ്വരം ശുദ്ധ മധ്യമം അവരോഹണത്തിലും (സനിധപമ രിഗമരിസ) കാണപ്പെടുന്നു.

അന്യസ്വരങ്ങളുടെ സംഖ്യയനുസരിച്ച് ഭാഷാംഗരാഗങ്ങളെ മൂന്നായി തരം തിരിച്ചിരിക്കുന്നു.

1. **ഏകാന്യസ്വരഭാഷാംഗരാഗം:-**

   ഒരു അന്യസ്വരം മാത്രം വരുന്ന ഭാഷാംഗരാഗങ്ങൾ. കാംബോജി, ബിലഹരി എന്നിവ ഏകാന്യസ്വരഭാഷാംഗരാഗങ്ങൾക്ക് ഉദാഹരണങ്ങളാണ്.

2. **ദ്വിഅന്യസ്വരഭാഷാംഗരാഗം:-**

   രണ്ട് അന്യസ്വരം വരുന്ന രാഗങ്ങൾ. അഠാണ (29-ാമത് മേളം ധീരശങ്കരാഭരണത്തിന്റെ ജന്യം) പുന്നാഗവരാളി (8-ാമത് മേളം തോടിയുടെ ജന്യം) എന്നിവ ദ്വിഅന്യഭാഷാംഗരാഗങ്ങൾക്ക് ഉദാഹരണങ്ങളാണ്.

3. **ത്രിയന്യസ്വരഭാഷാംഗരാഗം:-**

   മൂന്ന് അന്യസ്വരങ്ങൾ ഉള്ളവ. കാപ്പി, ആനന്ദഭൈരവി എന്നിവ ത്രിയന്യസ്വരഭാഷാംഗരാഗങ്ങൾക്ക് ഉദാഹരണങ്ങളാണ്.

**ഓർമ്മിക്കുക**

*ഉപാംഗ - ഭാഷാംഗരാഗങ്ങൾ*

**പ്രവർത്തനം**

*ഉപാംഗരാഗങ്ങളുടേയും ഭാഷാംഗരാഗങ്ങളുടേയും ആരോഹണവരോഹണങ്ങൾ പ്രദർശിപ്പിക്കുന്ന ഒരു ചാർട്ട് തയാറാക്കുക.*

## 1.7 പഞ്ചമാന്ത്യ - ധൈവതാന്ത്യ - നിഷാദാന്ത്യരാഗങ്ങൾ

ഈ രാഗങ്ങളിൽ രാഗസഞ്ചാരത്തിന് മന്ദ്രസ്ഥായി, മധ്യസ്ഥായി എന്നിവയിൽ ഒരു പരിധി നിർണയിക്കപ്പെട്ടിട്ടുണ്ട്. താരസ്ഥായി ഷഡ്ജത്തെ സ്പർശിക്കാൻ കഴിയാത്തവയാണ് ഈ രാഗങ്ങൾ. ഇവ മൂന്ന് വിധത്തിലുണ്ട്. പഞ്ചമാന്ത്യരാഗങ്ങൾ, ധൈവതാന്ത്യ രാഗങ്ങൾ, നിഷാദാന്ത്യരാഗങ്ങൾ എന്നിവയാണിവ.

**1.7.1. പഞ്ചമാന്ത്യ രാഗങ്ങൾ** : ഈ രാഗങ്ങളിലെ ഏറ്റവും ഉയർന്ന സ്വരം മധ്യസ്ഥായി പഞ്ചമമാണ്. 29-ാമത് മേളജന്യമായ നവറോജ് പഞ്ചമാന്ത്യ രാഗത്തിന് ഒരുദാഹരണമാണ്.

| | | |
|---|---|---|
| ആരോഹണം | : | പധനി സരിഗമപ |
| അവരോഹണം | : | മഗരി സനിധപ |

### 1.7.2. ധൈവതാന്ത്യ രാഗങ്ങൾ

മധ്യസ്ഥായി ധൈവതം ഏറ്റവും ഉയർന്ന സ്വരമായി വരുന്ന രാഗങ്ങളാണിവ. 29-ാമത് മേളജന്യമായ കുറിഞ്ചി ഇതിനൊരുദാഹരണമാണ്.

ആരോഹണം : സനിസരിഗമപധ

അവരോഹണം : ധപമഗരിസനിസ

### 1.7.3. നിഷാദാന്ത്യ രാഗങ്ങൾ

മധ്യസ്ഥായി നിഷാദം വരെ സഞ്ചാരമുള്ള രാഗങ്ങൾ. 15-ാമത് മേളജന്യമായ നാഥനാമക്രിയ ഇതിനൊരുദാഹരണമാണ്.

ആരോഹണം : സരിഗമപധനി

അവരോഹണം : നിധപമഗരിസനി

## 1.8 ഘന – നയ– ദേശ്യരാഗങ്ങൾ

മധ്യമകാലത്തിൽ പാടുമ്പോഴോ വായിക്കുമ്പോഴോ രാഗത്തിന്റെ സ്വഭാവസവിശേഷതകൾ സ്പഷ്ടമാകുന്ന രാഗങ്ങളാണ്. ഘനരാഗങ്ങൾ. ഘനപഞ്ചകത്തിൽ ഉൾപ്പെടുന്ന നാട്ട, ഗൗള, ആരഭി, വരാളി, ശ്രീ തുടങ്ങിയവ ഘനരാഗങ്ങൾക്കുദാഹരണങ്ങളാണ്.

വിളംബകാലത്തിലുള്ള ആലാപനത്തിലും താനത്തിലും രാഗത്തിന്റെ സ്വഭാവസവിശേഷതകൾ സ്പഷ്ടമാവുന്ന രാഗങ്ങളാണ് നയരാഗങ്ങൾ. ഇവ രക്തി രാഗങ്ങൾ എന്ന പേരിലും അറിയപ്പെടുന്നു.

ഉദാ:- തോഡി, ശങ്കരാഭരണം, കല്യാണി മുതലായവ

ആലാപനത്തിലൂടെ മാത്രം രാഗസ്വരൂപം വ്യക്തമാക്കപ്പെടുന്ന രാഗങ്ങളാണ് ദേശ്യരാഗങ്ങൾ. വളരെ ആകർഷകങ്ങളായ ഈ രാഗങ്ങളിൽ 'താനം' ആലപിക്കപ്പെടുന്നില്ല. ഹമീർകല്യാണി, ഹിന്ദുസ്ഥാനി ബിഹാഗ് എന്നിവ ദേശ്യരാഗങ്ങൾക്ക് ഉദാഹരണങ്ങളാണ്.

**ഓർമ്മിക്കുക**

*ഘന - നയ - ദേശ്യരാഗങ്ങൾ*

**പ്രവർത്തനം**

*പഞ്ചമാന്ത്യ-ധൈവതാന്ത്യ-നിഷാദാന്ത്യ രാഗങ്ങളുടേയും ഘന-നയ-ദേശ്യരാഗങ്ങളുടേയും ആരോഹണാവരോഹണങ്ങൾ ഉൾക്കൊള്ളുന്ന ഒരു ചാർട്ട് തയാറാക്കുക.*

## മൂല്യനിർണയം

1. ജനകരാഗത്തിൽ നിന്നും ഉൽഭവിക്കുന്ന രാഗം 1
2. ബിലഹരിരാഗത്തിൽ ഉപയോഗിക്കുന്ന അന്യസ്വരം 1
3. 29-ാമത് മേളത്തിന്റെ ജന്യമായ ഒരു ഔഡവ സമ്പൂർണ്ണ രാഗം 1
4. ഉപാംരാഗത്തിന് 2 ഉദാഹരണങ്ങൾ എഴുതുക. 1
5. ഘനപഞ്ചക രാഗങ്ങളുടെ പേരുകളെഴുതുക 2
6. വക്രരാഗങ്ങളെ ഉദാഹരണസഹിതം വിശദീകരിക്കുക 2
7. വർജരാഗങ്ങളെ ഉദാഹരണസഹിതം വിശദീകരിക്കുക 3
8. ഉപാംഗരാഗങ്ങൾ, ഭാഷാംഗരാഗങ്ങൾ ഇവയെക്കുറിച്ച് ഒരു ലഘുകുറിപ്പ് തയാറാക്കുക. 5
9. ജന്യരാഗങ്ങളുടെ വർഗീകരണം വിശദമാക്കുക. 5
10. **ചേരുംപടി ചേർക്കുക.** 5

| | | | |
|---|---|---|---|
| (a) | ഘനരാഗം | - | ബിലഹരി |
| (b) | ഭാഷാംഗരാഗം | - | മോഹനം |
| (c) | ഉപാംഗരാഗം | - | ഹമീർ കല്യാണി |
| (d) | ദേശ്യരാഗം | - | നാട്ട |
| (e) | ഔഡവരാഗം | - | മലഹരി |

11. ജന്യരാഗ വർഗീകരണം ഉദാഹരണ സഹിതം വിവരിക്കുക. 8

## റഫറൻസ്


1. സൗത്ത് ഇന്ത്യൻ മ്യൂസിക് - ഡോ.പി. സാംബമൂർത്തി
2. സ്പ്ലെൻഡർ ഓഫ് സൗത്ത് ഇന്ത്യൻ മ്യൂസിക് - ഡോ. ചെല്ലദുരൈ
3. ദക്ഷിണേന്ത്യൻ സംഗീതം - ശ്രീ. എ.കെ. രവീന്ദ്രനാഥ്
4. സംഗീതശാസ്ത്രം - ഡോ.കെ. ഓമനക്കുട്ടി & ശ്രീമതി.എസ്. ശാരദ
5. തിയറി ഓഫ് ഇന്ത്യൻ മ്യൂസിക് - മിസ്. എൽ. ഐസക്

M9Z5R3

## യൂണിറ്റ് - 2
# സംഗീത രൂപങ്ങൾ

### പഠനനേട്ടങ്ങൾ

- വർണത്തിന്റെ സ്വഭാവ സവിശേഷതകൾ മനസ്സിലാക്കുന്നു.
- വർണത്തിന്റെ വിവിധ അംഗങ്ങളെ തിരിച്ചറിയുന്നു.
- മുക്തായിസ്വരത്തെ പരിചയപ്പെടുന്നു.
- പദവർണ്ണവും താനവർണ്ണവും തമ്മിൽ വിവേചിച്ചറിയുന്നു.
- കൃതിയും കീർത്തനവും തമ്മിലുള്ള അന്തരം മനസ്സിലാക്കുന്നു.
- പല്ലവി, അനുപല്ലവി, ചരണം തുടങ്ങിയ അംഗങ്ങളെ പരിചയപ്പെടുന്നു.
- കൃതികളിലുപയോഗിക്കുന്ന ആലങ്കാരിക അംഗങ്ങളെ പരിചയപ്പെടുന്നു.

### പ്രധാനാശയങ്ങൾ

- വർണം
- വർണത്തിന്റെ അംഗങ്ങൾ
- താനവർണം
- പദവർണം
- കീർത്തനം
- കൃതി
- കൃതികളുടെ അംഗങ്ങൾ

## 2.1 ആമുഖം

രാഗങ്ങളുടെ പ്രത്യക്ഷരൂപമായി ഗാനരൂപങ്ങളെ അല്ലെങ്കിൽ സംഗീതരൂപങ്ങളെ വിശേഷിപ്പിക്കാറുണ്ട്. എല്ലാ സംഗീത സമ്പ്രദായങ്ങളിലും ഗാനരൂപങ്ങൾക്ക് വളരെ പ്രധാനപ്പെട്ട ഒരു സ്ഥാനമാണുള്ളത്. ഗീതം, ജതിസ്വരം, സ്വരജതി, വർണം മുതലായവ അഭ്യാസഗാനത്തിലും, വർണം, കീർത്തനം, കൃതി, പദം, ജാവളി, തില്ലാന, തുടങ്ങിയവ സഭാഗാനത്തിലും ഉൾപ്പെടുന്നു. അഭ്യാസഗാനത്തിലും സഭാഗാനത്തിലും ഉൾപ്പെടുന്ന ഒരേയൊരു ഗാനരൂപമാണ് വർണം. സംഗീതവിദ്യാർത്ഥികൾക്ക് സ്വരജ്ഞാനം, താളനിയന്ത്രണം എന്നിവ നേടുന്നതിനും സഭാഗാനം കൂടുതൽ ആത്മവിശ്വാസത്തോടെയും ഭാവാത്മകമായും വേദികളിൽ അവതരിപ്പിക്കുന്നതിനും കഴിയുന്നത് അഭ്യാസഗാനം ചിട്ടയായി പരിശീലിക്കുന്നതു മൂലമാണ്.

## 2.2 വർണം

കർണാടകസംഗീതത്തിലെ പ്രധാനപ്പെട്ടൊരു ഗാനരൂപമാണ് വർണം. പൂർവാംഗം, ഉത്തരാംഗം എന്നിങ്ങനെ വർണത്തിന് രണ്ട് ഭാഗങ്ങൾ ഉണ്ട്. പല്ലവി, അനുപല്ലവി, മുക്തായിസ്വരം എന്നീ അംഗങ്ങൾ ചേർന്നതാണ് പൂർവാംഗം. രണ്ടാമത്തെ ഭാഗമായ ഉത്തരാംഗം, ചരണവും ചരണസ്വരങ്ങളും ഉൾക്കൊള്ളുന്നു. വർണത്തിന്റെ ചരണം എത്തുക്കഡ പല്ലവിയെന്നും ചരണസ്വരം എത്തുക്കഡ സ്വരമെന്നും അറിയപ്പെടുന്നു.

പല്ലവി, അനുപല്ലവി, മുക്തായിസ്വരം എന്നിവയാണ് വർണത്തിൽ ആദ്യം ആലപിക്കപ്പെടുന്നത്. ചരണവും ചരണസ്വരങ്ങളും പിന്നീട് പാടുന്നു. ഓരോ ചരണസ്വരത്തിന് ശേഷവും ചരണത്തിന്റെ സാഹിത്യം ആവർത്തിക്കപ്പെടു

ന്നു. പല്ലവിയുടേയും അനുപല്ലവിയുടേയും ദൈർഘ്യം സാധാരണ രണ്ട് താളവട്ടമായിരിക്കും. മുക്തായി സ്വരത്തിന് രണ്ട് മുതൽ നാല് താളവട്ടം വരേയും ചരണത്തിന് ഒന്നു മുതൽ രണ്ട് താളവട്ടം വരേയും ദൈർഘ്യമുണ്ടാവും. ചരണസ്വരങ്ങൾ ക്രമാനുഗതമായി 1, 2, 3, 4 അല്ലെങ്കിൽ 6 എന്നിങ്ങനെ ആവർത്തന ദൈർഘ്യമുള്ളവയായിരിക്കും. താനവർണം പദവർണം എന്നിങ്ങനെ വർണം രണ്ട് വിധത്തിലുണ്ട്.

### 2.2.1 താനവർണം

താനത്തിന്റെ രൂപത്തിൽ രചിക്കപ്പെട്ടവയാണ് താനവർണം. താനവർണങ്ങളിൽ പല്ലവി, അനുപല്ലവി, ചരണം എന്നീ അംഗങ്ങൾ സാഹിത്യത്തോട് കൂടിയവയാണ്. ആദി, ത്രിപുട, അട മുതലായ താളങ്ങളിൽ താനവർണങ്ങൾ സാധാരണയായി കാണപ്പെടുന്നു. പച്ചമിരിയം ആദി അപ്പയ്യ, വീണകുപ്പയ്യർ, സ്വാതി തിരുനാൾ, പട്ടണം സുബ്രഹ്മണ്യ അയ്യർ തുടങ്ങിയവർ താനവർണങ്ങൾ രചിച്ചിട്ടുള്ള വാഗ്ഗേയകാരൻമാരിൽ പ്രമുഖരാണ്.

**താനവർണങ്ങൾ** *പട്ടിക :2.1*

| താനവർണം | രാഗം | താളം | വാഗ്ഗേയകാരന്മാർ |
|---|---|---|---|
| എവരിബോധന | ആഭോഗി | ആദി | പട്ടണം സുബ്രമണ്യ അയ്യർ |
| നിന്നുകോരി | മോഹനം | ആദി | രാംനാട് ശ്രീനിവാസ അയ്യങ്കാർ |
| ജലജാക്ഷ | ഹംസധ്വനി | ആദി | മാനമ്പുചാവടി വെങ്കടസുബ്ബയ്യർ |

### 2.2.2 പദവർണം

നൃത്തത്തിനുപയോഗിക്കുന്ന ഗാനരൂപമാണ് പദവർണം. ചൗക്കകാലത്തിലാണ് ഇവ ചിട്ടപ്പെടുത്തിയിട്ടുള്ളത്. പദവർണത്തിനും പല്ലവി, അനുപല്ലവി, ചിട്ടസ്വരം, ചരണം, ചരണസ്വരം എന്നീ അംഗങ്ങളുണ്ട്. എല്ലാ അംഗങ്ങൾക്കും സാഹിത്യമുണ്ടെന്നതാണ് പദവർണങ്ങളുടെ പ്രത്യേകത. പദവർണങ്ങളുടെ സ്വരം ഉൾപ്പെടുന്ന ഭാഗങ്ങൾ നൃത്തച്ചുവടുകൾക്കും സാഹിത്യം അഭിനയത്തിനുമാണ് ഉദ്ദേശിച്ചിട്ടുള്ളത്. ആദി, രൂപകം എന്നീ താളങ്ങളിലാണ് പദവർണങ്ങൾ കാണപ്പെടുന്നത്. പതിഞ്ഞ കാലത്തിൽ പാടുന്നതിനാൽ പദവർണം, ചൗക്കവർണം, ആട്ടവർണം എന്നീ പേരുകളിലും അറിയപ്പെടുന്നു. സ്വാതിതിരുനാൾ, രാമസ്വാമിദീക്ഷിതർ, മുത്തയ്യാ ഭാഗവതർ തുടങ്ങിയവർ പദവർണങ്ങൾ രചിച്ചിട്ടുള്ള പ്രധാനപ്പെട്ട വാഗ്ഗേയകാരന്മാരാണ്.

**പദവർണങ്ങൾ** *പട്ടിക : 2.2*

| പദവർണം | രാഗം | താളം | വാഗ്ഗേയകാരന്മാർ |
|---|---|---|---|
| സുമസായക | ശുദ്ധകാപ്പി | രൂപകം | സ്വാതിതിരുനാൾ |
| ചലമേല | നാട്ടക്കുറിഞ്ചി | ആദി | കുപ്പുസ്വാമി അയ്യർ |

**ഓർമ്മിക്കുക**

- *വർണത്തിന്റെ അംഗങ്ങൾ*
- *വർണത്തിന്റെ വർഗീകരണം*
- *താനവർണവും പദവർണവും തമ്മിലുള്ള വ്യത്യാസങ്ങൾ*

**പ്രവർത്തനം**

*നിങ്ങൾ പഠിച്ചിട്ടുള്ള താനവർണങ്ങൾ പാടിനോക്കുക*

## 2.3 കീർത്തനം

വൈദികഗാനത്തിൽ ഉൾപ്പെടുന്ന ഗാനരൂപമാണിത്. ഈശ്വരസ്തുതികളായിരിക്കും ഇതിന്റെ പ്രമേയം. സംഗീതപരമായ രൂപത്തേക്കാൾ സാഹിത്യപരമായ ഉള്ളടക്കത്തിനാണ് കീർത്തനങ്ങളിൽ പ്രാമുഖ്യം. 'സംഗതി' കൾ വളരെ കുറവായ ഗാനരൂപമാണിത്. കൃതികൾക്ക് മുൻപ് രചിക്കപ്പെട്ടവയാണ് കീർത്തനങ്ങൾ.

പല്ലവി, അനുപല്ലവി, ചരണം മുതലായ അംഗങ്ങൾ കീർത്തനങ്ങളിൽ കാണപ്പെടുന്നു. ചില കീർത്തനങ്ങളിൽ ഒന്നിലധികം ചരണങ്ങളും കാണപ്പെടുന്നു. എല്ലാ ചരണങ്ങളും ഒരേ ധാതുവിൽതന്നെയായിരിക്കും ചിട്ടപ്പെടുത്തിയിരിക്കുക. അനുപല്ലവിയില്ലാത്ത കീർത്തനങ്ങളുമുണ്ട്. പുരന്ദരദാസർ, ഭദ്രാചലം രാമദാസ്, ത്യാഗരാജൻ, പാപനാശം ശിവൻ മുതലായവർ കീർത്തനങ്ങൾ രചിച്ചിട്ടുള്ള വാഗ്ഗേയകാരന്മാരിൽ പ്രമുഖരാണ്.

## 2.4 കൃതി

ലൗകികഗാനത്തിലും വൈദികഗാനത്തിലും ഉൾപ്പെടുന്ന വളരെ പ്രധാനപ്പെട്ടൊരു ഗാനരൂപമാണ് കൃതി. സഭാഗാനത്തിലെ ഏറ്റവും സവിശേഷമായ സംഗീതരൂപമാണിത്. ഒരു സംഗീതകച്ചേരിയിൽ ഏറ്റവുമധികം ആലപിക്കപ്പെടുന്ന ഗാനരൂപവും കൃതി തന്നെയാണ്. ഗായകനും ശ്രോതാവിനും ഒരുപോലെ ആത്മസുഖം നൽകുന്ന സംഗീതരൂപം കൂടിയാണിത്. മനോധർമ്മ സംഗീതത്തിന്റെ ഭാഗമായ നിരവൽ, കൽപ്പനസ്വരം തുടങ്ങിയവയ്ക്ക് സാധ്യത നൽകുന്ന ഗാനരൂപം കൂടിയാണ് കൃതികൾ. പല്ലവി, അനുപല്ലവി, ചരണം എന്നിവയാണ് കൃതിയുടെ അംഗങ്ങൾ. ചില കൃതികളിൽ അനുപല്ലവി കാണപ്പെടുന്നില്ല. ഇത്തരം കൃതികളുടെ ചരണം സമഷ്ടിചരണമെന്നറിയപ്പെടുന്നു. ഈശ്വരസ്തുതികളോ ലൗകികവിഷയങ്ങളോ ആയിരിക്കും ഇതിന്റെ സാഹിത്യം. രാഗസ്വരൂപം മനസ്സിലാക്കുന്നതിന് ഏറ്റവും സഹായകരമായ ഗാനരൂപമാണ് കൃതി.

ആലങ്കാരിക അംഗങ്ങളായ സംഗതി, മധ്യമകാലസാഹിത്യം, ചിട്ടസ്വരം, സ്വര സാഹിത്യം മുതലായവ കൃതികളുടെ സൗന്ദര്യം വർധിപ്പിക്കുന്ന ഘടകങ്ങളാണ്. ത്യാഗരാജൻ, മുത്തുസ്വാമിദീക്ഷിതർ, ശ്യാമശാസ്ത്രി, സ്വാതിതിരുനാൾ മുതലായവർ കൃതികൾ രചിച്ചിട്ടുള്ള വാഗ്ഗേയകാരന്മാരിൽ പ്രമുഖരാണ്.

**കൃതികൾ** പട്ടിക : 2.3

| കൃതി | രാഗം | താളം | വാഗ്ഗേയകാരന്മാർ |
|---|---|---|---|
| ഗജാനനയുതം | ചക്രവാകം | ആദി | മുത്തുസ്വാമി ദീക്ഷിതർ |
| വാതാപിഗണപതിം | ഹംസധ്വനി | ആദി | മുത്തുസ്വാമി ദീക്ഷിതർ |
| പക്കല | ഖരഹരപ്രിയ | ചാപ്പ് | ത്യാഗരാജൻ |
| ദേവദേവ | മായാമാളവഗൗള | രൂപകം | സ്വാതിതിരുനാൾ |

**ഓർമ്മിക്കുക**

*കൃതികളുടെ അംഗങ്ങൾ*

*കൃതിയും കീർത്തനവും വേർതിരിച്ചറിയുക*

**പ്രവർത്തനം**

*നിങ്ങൾ പഠിച്ചിട്ടുള്ള ഒരു കൃതി പാടുക.*

*ജനകീയങ്ങളായ കൃതികളുടെ ഒരു ഓഡിയോ അവതരണം ക്ലാസിൽ നടത്തുക.*

**മൂല്യനിർണയം**

1. അഭ്യാസഗാനത്തിലും സഭാഗാനത്തിലും ഉൾപ്പെടുന്ന ഒരു ഗാനരൂപം 1
2. നൃത്തക്കച്ചേരികളിൽ ഉപയോഗിക്കുന്ന വർണത്തിന്റെ ഒരു വകഭേദം 1
3. താനവർണത്തിന് രണ്ട് ഉദാഹരണങ്ങളെഴുതുക. 1
4. താനവർണത്തിന്റെ അംഗങ്ങൾ ഏവ? 2
5. താനവർണങ്ങൾ രചിച്ചിട്ടുള്ള രണ്ട് വാഗ്ഗേയകാരന്മാരുടെ പേരെഴുതുക 2
6. താനവർണങ്ങൾ പരിശീലിക്കുന്നതിന്റെ പ്രയോജനം ചൂണ്ടിക്കാണിക്കുക. 3
7. പദവർണം വിശദീകരിക്കുക 3
8. കൃതിയുടെ ലക്ഷണങ്ങൾ നൽകുക. 3
9. കൃതിയും കീർത്തനവും തമ്മിലുള്ള വ്യത്യാസം വ്യക്തമാക്കുക. 3
10. താനവർണവും പദവർണവും തമ്മിലുള്ള വ്യത്യാസമെഴുതുക. 3

**11. ചേരുംപടി ചേർക്കുക.** 5

| | | |
|---|---|---|
| നൃത്തക്കച്ചേരി | – | വാഗ്ഗേയകാരൻ |
| സ്വാതിതിരുനാൾ | – | കൃതി |
| സംഗതി | – | വർണം |
| സഭാഗാനം | – | മുത്തുസ്വാമിദീക്ഷിതർ |
| ഗജാനനയുതം | – | പദവർണം |

## റഫറൻസ്

1. സൗത്ത് ഇന്ത്യൻ മ്യൂസിക് – പ്രൊ. വി. സാംബമൂർത്തി
2. സ്പ്ലെൻഡർ ഓഫ് സൗത്ത് ഇന്ത്യൻ മ്യൂസിക് – ഡോ. ചെല്ലദുരൈ
3. ദക്ഷിണേന്ത്യൻ സംഗീതം – ശ്രീ. ഏകെ. രവീന്ദ്രനാഥ്
4. സംഗീത ശാസ്ത്രം – ഡോ. കെ. ഓമനക്കുട്ടി & ശ്രീമതി. എസ്. ശാരദ
5. തിയറി ഓഫ് ഇന്ത്യൻ മ്യൂസിക് – മിസ്. എൽ. ഐസക്
6. സംഗീത നിഘണ്ടു – ഡോ. വി.ടി. സുനിൽ

K9A5A6

യൂണിറ്റ് - 3

# കേരള സംഗീതം

## പഠനനേട്ടങ്ങൾ

- കേരളസംഗീതം പരിചയപ്പെടുന്നു.
- കേരളത്തിലെ സംഗീത പ്രാധാന്യമുള്ള പ്രദേശങ്ങളും സംഗീതോത്സവങ്ങളും പരിചയപ്പെടുന്നു.
- കേരളത്തിലെ വാഗ്ഗേയകാരൻമാരെപ്പറ്റി മനസ്സിലാക്കുന്നു.
- സോപാനസംഗീതവും കഥകളി സംഗീതവും പരിചയപ്പെടുന്നു.
- കഥകളി സംഗീതത്തിലെ രാഗങ്ങളേയും താളങ്ങളേയും കുറിച്ച് മനസ്സിലാക്കുന്നു.
- കേരളത്തിലെ പരിഷ്കൃതവും അപരിഷ്കൃതവുമായ നാടോടി സംഗീതം പരിചയപ്പെടുന്നു.
- കേരളത്തിലെ അനുഷ്ഠാന ഗാനങ്ങൾ തിരിച്ചറിയുന്നു.
- പഞ്ചവാദ്യവും അതിലുപയോഗിക്കുന്ന വാദ്യങ്ങളും പരിചയപ്പെടുന്നു.
- ക്രിയാംഗ-സേവാംഗ പഞ്ചവാദ്യങ്ങളുടെ പ്രത്യേകതകൾ മനസ്സിലാക്കുന്നു.

### പ്രധാനാശയങ്ങൾ

- കേരള സംഗീതത്തിന്റെ ഉത്ഭവം
- സോപാനസംഗീതം
- കഥകളി സംഗീതം
- കഥകളി സംഗീതത്തിലുപയോഗിക്കുന്ന രാഗങ്ങൾ, താളങ്ങൾ, വാദ്യങ്ങൾ
- കേരളത്തിലെ പ്രധാന വാഗ്ഗേയകാരന്മാർ
- പ്രധാന സംഗീത കേന്ദ്രങ്ങൾ
- കേരളത്തിന്റെ നാടൻ കലാ പാരമ്പര്യം
- നാടോടിസംഗീതം-പരിഷ്കൃതവും അപരിഷ്കൃതവും
- അനുഷ്ഠാന സംഗീതം
- പഞ്ചവാദ്യം
- ക്രിയാംഗ പഞ്ചവാദ്യവും സേവാംഗ പഞ്ചവാദ്യവും

## 3.1 ആമുഖം

പ്രാചീനകാലം മുതൽക്കുതന്നെ കേരളത്തിന്റെ മതസാമൂഹ്യചര്യകളിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തിയവയാണ് സംഗീതവും ലളിതകലകളും. ആചാരങ്ങൾ, ഭാഷ എന്നപോലെ കൈരളിയുടെ സംഗീതപാരമ്പര്യത്തിലും അയൽ സംസ്ഥാനമായ തമിഴ്നാടിന്റെ സ്വാധീനം പ്രകടമാണ്.

കേരളത്തിലെ പുരാതനമായ പല സംഗീതരചനകളും നാമാവശേഷ മായെങ്കിലും നമ്മുടെ സംഗീതപാരമ്പര്യത്തിന്റെ പല ശേഷിപ്പുകളും നാടോടികഥകളിലും നാടൻ പാട്ടുകളിലും അനുഷ്ഠാനഗാനങ്ങളിലും ദർശിക്കാവുന്നതാണ്. ഇവയിൽ മിക്ക ഗാനങ്ങളുടേയും ഉൽഭവത്തെ

ക്കുറിച്ചും അവയുടെ കർതൃത്വത്തെ സംബന്ധിച്ചുമുള്ള കാര്യങ്ങൾ അജ്ഞാതമാണെങ്കിലും കേരളത്തിന്റെ സംഗീതപാരമ്പര്യത്തെ പ്രതിഫലിപ്പിക്കുന്നവയാണ് ഇവയെന്നതിൽ സംശയമില്ല. ജയദേവരുടെ അഷ്ടപദിയും കഥകളിപദങ്ങളും കേരളീയ സംഗീതാസ്വാദകരുടെ ശ്രദ്ധ നേടിയവയിൽ ചിലവ മാത്രമാണ്.

വിവിധ സംഗീത സമ്പ്രദായങ്ങൾ ഇവിടെ രൂപപ്പെടുകയും പ്രചരിക്കുകയും ചെയ്തുവെങ്കിലും കർണാടക സംഗീതമാണ് ഒരു ശാസ്ത്രീയ സംഗീതസരണി എന്ന നിലയിൽ കേരളത്തിൽ വ്യാപകമായി ഉപയോഗിക്കപ്പെട്ടത്. ഈ ഉൽകൃഷ്ട സംഗീത പാരമ്പര്യത്തെ കേരളത്തിൽ ജനകീയമാക്കുന്നതിൽ സ്വാതിതിരുനാൾ മഹാരാജാവ് വഹിച്ച പങ്ക് ചെറുതല്ല.

**ഓർമ്മിക്കുക**

- *കേരള സംഗീതത്തിന്റെ ഉത്ഭവം*
- *കേരളത്തിന്റെ സാംസ്കാരിക മേഖലകളിൽ തമിഴ്നാടിന്റെ സ്വാധീനം*

## 3.2 സോപാനസംഗീതം



കേരളത്തിന്റെ തനതായ സംഗീത സമ്പ്രദായമാണ് സോപാനസംഗീതം. ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട ഈ സംഗീതശാഖയുടെ ഉത്ഭവകാലഘട്ടം കൃത്യമായി കണക്കാക്കിയിട്ടില്ല. ക്ഷേത്രത്തിലെ ദൈനംദിനചര്യകളുടെ ഭാഗമായി ശ്രീകോവിലിനടുത്തുള്ള സോപാനപ്പടിയിൽ നിന്നുകൊണ്ട് ആലപിക്കപ്പെടുന്ന സംഗീത സമ്പ്രദായമെന്ന നിലയിലാണ് ഇതിന് സോപാന സംഗീതമെന്ന പേർ വന്നതെന്ന് കരുതപ്പെടുന്നു.

കൈരളിയുടെ തനത് വാദ്യമായ ഇടയ്ക്കയാണ് സോപാനസംഗീതത്തിൽ താളവാദ്യമായി ഉപയോഗിക്കുന്നത്. ഗായകൻ ഇടയ്ക്ക വായിച്ചുകൊണ്ട് ഗാനങ്ങൾ ആലപിക്കുന്നു. ഗഹനങ്ങളായ സംഗതികളോ മറ്റ് ആലങ്കാരിക പ്രയോഗങ്ങളോ ഇല്ലാത്തവയാണീ ഗാനങ്ങൾ. ഈ ഗാനങ്ങളുടെ സ്ഥായിയായ ഭാവം ഭക്തിരസമാണ്. പതിഞ്ഞ കാലത്തിലായിരിക്കും മിക്കവാറും ഗാനങ്ങൾ ചിട്ടപ്പെടുത്തിയിട്ടുള്ളത്. പതിഞ്ഞ കാലത്തിൽ തുടങ്ങി ഘട്ടം ഘട്ടമായി ദ്രുതകാലത്തിലേക്കെത്തുന്ന ഗാനങ്ങളും അപൂർവമല്ല.

### 3.2.1. സോപാനസംഗീതത്തിലെ രാഗങ്ങൾ

ആലാപനരീതിയിലും ഗമകപ്രയോഗങ്ങളിലു തനത് വ്യക്തിത്വം പുലർത്തുന്ന ഗാനശാഖയാണ് സോപാന സംഗീതം. ഇന്ദിശ, ദേശാക്ഷി, ഇന്ദളം, പാടി, ഭൂപാളം, കാമോദരി, എരിക്കില കാമോദരി, പുറനീര് മുതലായവ സോപാന സംഗീതത്തിൽ ഉപയോഗിക്കുന്ന രാഗങ്ങളാണ്. ഗാനകാല നിയമമനുസരിച്ചാണ് ഈ രാഗങ്ങൾ പ്രയോഗിക്കപ്പെടുന്നത്. അതുകൊണ്ട് തന്നെ ഈ സമ്പ്രദായത്തെ 'സമയസംഗീതം' എന്ന് വിശേഷിപ്പിക്കാറുണ്ട്.

### 3.2.2. പ്രമേയം

ഭക്തിരസം തുളുമ്പുന്നവയാണ് സോപാന സംഗീതത്തിലെ ഗാനങ്ങൾ. ജയദേവരുടെ അഷ്ടപദിയാണ് ഈ സമ്പ്രദായത്തിൽ ആലപിക്കപ്പെടുന്ന പ്രധാന രചനകൾ. ഭഗവതി, ഗണപതി മുതലായവരെ പ്രകീർത്തിച്ചുകൊണ്ടുള്ള ഗാനങ്ങളുമുണ്ട്.

### 3.2.3. താളങ്ങൾ

പഞ്ചാരി, ചെമ്പട, മുറിയടന്ത, അടന്ത എന്നിവയാണ് സോപാനസംഗീതത്തിലുപയോഗിക്കപ്പെടുന്ന പ്രധാന താളങ്ങൾ. ഇവ യഥാക്രമം കർണാടക സംഗീതത്തിലെ രൂപകം, ആദി, ചാപ്പ്, അട എന്നിവയ്ക്ക് സമാനമായ താളങ്ങളാണ്.

### 3.2.4. പ്രമുഖ സംഗീതജ്ഞർ



*ഷട്കാലഗോവിന്ദമാരാർ*



*ഞരളത്ത് രാമപ്പൊതുവാൾ*



*പല്ലാവൂർ അപ്പുമാരാർ*

സ്വാതിതിരുനാൾ മഹാരാജാവിന്റെ ആസ്ഥാനഗായകരിൽ പ്രമുഖനായ ഷട്കാലഗോവിന്ദമാരാരാണ് ഈ ഗാനശാഖയിലെ സംഗീതജ്ഞരിൽ പ്രഥമ ഗണനീയൻ. ഞരളത്ത് രാമപ്പൊതുവാൾ, ജനാർദ്ദനൻ നെടുങ്ങാടി, പല്ലാവൂർ അപ്പുമാരാർ, കുഞ്ഞുക്കുട്ടൻ മാരാർ തുടങ്ങിയവരും സോപാനസംഗീതത്തിന്റെ ഉത്തുംഗശ്രേണിയിൽ തിളങ്ങിയ കലാകാരന്മാരാണ്.

### ഓർമ്മിക്കുക

- *സോപാന സംഗീതത്തിന്റെ പ്രത്യേകതകൾ*
- *രാഗങ്ങളും താളങ്ങളും*
- *ഗാനങ്ങളുടെ പ്രമേയം*
- *പ്രഗത്ഭ സംഗീതജ്ഞർ*

### പ്രവർത്തനം

- *ഇടയ്ക്കയുടെ ഒരു രേഖാചിത്രം വരയ്ക്കുക*
- *സോപാന സംഗീതത്തിലെ രാഗങ്ങൾക്ക് സമാനമായ കർണാടക സംഗീത രാഗങ്ങൾ കണ്ടുപിടിക്കുക.*
- *സോപാന സംഗീതത്തിലുപയോഗിക്കുന്ന താളങ്ങൾ രേഖപ്പെടുത്തുക.*
- *പ്രഗൽഭരായ സംഗീതജ്ഞരുടെ ഒരു പട്ടിക തയ്യാറാക്കുക.*

## 3.3 കഥകളി സംഗീതം



കേരളത്തിന്റെ തനതായ ശാസ്ത്രീയ നൃത്തനാടകമാണ് കഥകളി. ആട്ടക്കഥയെന്നും കഥകളിയെ വിശ്ശേഷിപ്പിക്കാറുണ്ട്. കൊട്ടാരക്കര തമ്പുരാൻ രൂപം നൽകിയ രാമനാട്ടത്തിൽ നിന്നാണ് ഈ കലാരൂപത്തിന്റെ ഉത്ഭവം. ശ്ലോകങ്ങളിലൂടെയും പദങ്ങളിലൂടെയുമാണ് കഥകളിലെ കഥാംശം അവതരിപ്പിക്കുന്നത്. പ്രാചീനതയും ആധുനികതയും ഒരേപോലെ ഒത്തു ചേർന്ന ഭാഷയാണ് ഇതിൽ ഉപയോഗിക്കപ്പെടുന്നത്. ശ്ലോകങ്ങൾ സംസ്കൃതത്തിലും പദങ്ങൾ മലയാളത്തിലുമാണ് രചിക്കപ്പെട്ടിരിക്കുന്നത്.

ഹൈന്ദവ പുരാണങ്ങളിലെ കഥകളാണ് കഥകളിയിലെ പ്രമേയങ്ങളിൽ കൂടുതലായി കാണപ്പെടുന്നത്.

### 3.3.1 കഥകളി സംഗീതത്തിൽ ഉപയോഗിക്കുന്ന രാഗങ്ങൾ

പല്ലവി, അനുപല്ലവി, ചരണം എന്നീ അംഗങ്ങളോടു കൂടിയവയാണ് പദങ്ങൾ. സാമന്തമലഹരി, ഇന്ദളം, പുറനീര്, മാരധനാശി, എരിക്കിലകാമോദരി, ഘണ്ടാരം, പാടി തുടങ്ങിയ രാഗങ്ങളാണ് പ്രധാനമായും ഉപയോഗിക്കപ്പെടുന്നത്. കർണ്ണാടക സംഗീതത്തിലെ പല ജനകീയരാഗങ്ങളും അതേ പേരിൽ തന്നെ കഥകളിയിൽ ഉപയോഗിക്കുന്നുണ്ട്. ഗാനകാലനിയമം കൃത്യമായ പാലിച്ചുകൊണ്ടാണ് രാഗങ്ങൾ തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്.

### 3.3.2. താളങ്ങൾ

ചെമ്പട, പഞ്ചാരി, മുറിയടന്ത, അടന്ത, ത്രിപുട, ചമ്പ, ഏക എന്നിവയാണ് കഥകളിയിലുപയോഗിക്കുന്ന താളങ്ങൾ. എല്ലാ താളങ്ങൾക്കും കാലഭേദങ്ങൾ ഉണ്ടാവാം. വിളംബം, മധ്യം, ദ്രുതം തുടങ്ങിയ ഗതിവേഗങ്ങളാണ് കഥകളിയിലുള്ളത്. ഇവയെ യഥാക്രമം പതിഞ്ഞകാലം, എടവട്ടം, മുറുകിയ കാലം എന്ന് കഥകളിയിൽ വിശേഷിപ്പിക്കുന്നു.

കഥകളിതാളങ്ങളും സമാനമായ കർണ്ണാടകസംഗീതത്തിലെ താളങ്ങളും കാണുക.

*പട്ടിക : 3.1*

| കഥകളിസംഗീതം | കർണാടക സംഗീതം | അക്ഷരകാലം |
|---|---|---|
| ചെമ്പട | ആദി | 8 |
| പഞ്ചാരി | രൂപകം | 6 |
| അടന്ത | അട | 14 |
| മുറിയടന്ത | ചാപ്പ് | 7 |
| ചമ്പ | ഝംപ | 10 |
| ത്രിപുട | ത്രിപുട | 7 |
| ഏക | ഏക | 4 |

**ഓർമ്മിക്കുക**

- *കഥകളിയിലെ രാഗങ്ങൾ*
- *കഥകളിതാളങ്ങളും സമാനമായ കർണ്ണാടക സംഗീതത്തിലെ താളങ്ങളും*

### *3.3.3 സംഗീതോപകരണങ്ങൾ*





ചെണ്ട, മദ്ദളം, ചേങ്ങില, ഇലത്താളം തുടങ്ങിയ താളവാദ്യങ്ങളാണ് കഥകളിസംഗീതത്തിൽ പ്രധാനമായും ഉപയോഗിക്കുന്നത്. കഥകളിയിലെ പിന്നണി സംഗീതത്തിൽ രണ്ട് ഗായകരും മറ്റ് വാദ്യമേളക്കാരും ഉൾപ്പെടുന്നു. ഈ ഗായകരിൽ പ്രധാന ഗായകൻ 'പൊന്നാനി' എന്നും കൂടെപ്പാടുന്ന ഉപഗായകൻ 'ശിങ്കിടി' എന്നും അറിയപ്പെടുന്നു. പൊന്നാനി പാടുന്ന പദങ്ങൾ ശിങ്കിടി ഏറ്റ് പാടുകയാണ് ചെയ്യുന്നത്.





**ഓർമ്മിക്കുക**

- *കഥകളി സംഗീതത്തിലെ പിന്നണിവാദ്യങ്ങൾ*

**പ്രവർത്തനം**

- *കഥകളി സംഗീതത്തിലുപയോഗിക്കുന്ന വാദ്യങ്ങളുടെ ഒരു ചാർട്ട് തയ്യാറാക്കുക.*

## 3.4 കഥകളിയിലെ സംഗീതാംശം

കേരളത്തിന്റെ തനത് സംഗീത സമ്പ്രദായമായ സോപാനസംഗീത രീതിയിലാണ് കഥകളിയിലെ പദങ്ങൾ ചിട്ടപ്പെടുത്തിയിട്ടുള്ളത്. ജയദേവരുടെ അഷ്ടപദിയാണ് ക്ഷേത്രസോപാനങ്ങളിൽ പാടിവരാറുള്ളതെങ്കിലും പദങ്ങളാണ് കഥകളി സംഗീതത്തിന്റെ അടിസ്ഥാനമായി നിലകൊള്ളുന്നത്.

പ്രമുഖരായ ആട്ടക്കഥാകൃത്തുക്കളുടെ പേരുകൾ കാണുക.

*പട്ടിക : 3.2*

| വാഗ്ഗേയകാരൻ | ആട്ടക്കഥ |
|---|---|
| കാർത്തികതിരുനാൾ ബാലരാമവർമ്മ | രാജസൂയം, സുഭദ്രാപഹരണം |
| ഉണ്ണായി വാരിയർ | നളചരിതം |
| ഇരയിമ്മൻ തമ്പി | ഉത്തരാസ്വയംവരം, കീചകവധം |



*ഉണ്ണായി വാരിയർ*



*ഇരയിമ്മൻ തമ്പി*

**ഓർമ്മിക്കുക**

- *പുകൾപെറ്റ ആട്ടക്കഥാകൃത്തുക്കളും അവരുടെ രചനകളും*

## 3.5 കേരളത്തിലെ വാഗ്ഗേയകാരന്മാർ



കേരളത്തിലെ പ്രമുഖ വാഗ്ഗേയകാരന്മാരിൽ പ്രഥമ ഗണനീയനാണ് ശ്രീസ്വാതിതിരുനാൾ മഹാരാജാവ്. തിരുവിതാംകൂർ രാജസഭയിലെ ആസ്ഥാനവിദ്വാനായിരുന്ന ഇരയിമ്മൻ തമ്പി, അദ്ദേഹത്തിന്റെ പുത്രി കുട്ടിക്കുഞ്ഞുതങ്കച്ചി, കെ.സി. കേശവപിള്ള, പരമേശ്വരഭാഗവതർ, ഗോവിന്ദമാരാർ, മേരുസ്വാമി, മഹാകവി കുട്ടമത്ത്, എണ്ണപ്പാടം വെങ്കടരാമഭാഗവതർ തുടങ്ങിയവരും കേരള സംഗീതത്തിന് നിസ്തുലമായ സംഭാവനകൾ നൽകിയ വാഗ്ഗേയകാരന്മാരിൽ പ്രമുഖരാണ്.



*കെ.സി. കേശവപിള്ള*



*മഹാകവി കുട്ടമത്ത്*



*പരമേശ്വരഭാഗവതർ*

**ഓർമ്മിക്കുക**

- *കേരളത്തിലെ പ്രശസ്തരായ വാഗ്ഗേയകാരന്മാർ*

**പ്രവർത്തനം**

- *കേരളസംഗീതത്തിലെ പ്രമുഖ വാഗ്ഗേയകാരന്മാരുടെ ചിത്രങ്ങൾ അടങ്ങുന്ന ഒരു ചാർട്ട് തയ്യാറാക്കുക*

## 3.6 കേരളത്തിലെ നാടോടി സംഗീതം

നാടൻ കലകളുടെയും നാടോടി സംഗീതത്തിന്റെയും ഒരു കലവറയായാണ് കേരളത്തെ വിശേഷിപ്പിക്കുന്നത്. കേരള ജനതയുടെ എല്ലാവിധ ആഘോഷങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും സംഗീതം ഒരു അവിഭാജ്യഘടകമാണ്. ദൈനംദിന ജീവിതത്തിന്റെ സംഗീത രൂപത്തിലുള്ള പ്രതിഫലനമാണ് നാടൻപാട്ടുകൾ. സംഗീതപരമായും സാഹിത്യപരമായും ഉള്ള ഘടനാവ്യത്യാസമനുസരിച്ച് നാടൻ പാട്ടുകൾ വിവിധതരത്തിലുണ്ട്. ഇവയുടെ വരികളും സംഗീതവും ഉപയോഗിച്ചിരിക്കുന്ന താളങ്ങളും മറ്റും വളരെ ലളിതവും ആകർഷകവുമാ

യിരിക്കും. നാടൻ പാട്ടുകളിൽ ഉപയോഗിക്കുന്ന വാദ്യങ്ങൾ ലളിതവും അതേ സമയം അപരിഷ്കൃത വിഭാഗത്തിൽപ്പെടുന്നവയുമായിരിക്കും. സംഗീതാംശമനുസരിച്ച് കേരളത്തിലെ നാടോടി സംഗീതത്തെ പരിഷ്കൃതം, അപരിഷ്കൃതം എന്നിങ്ങനെ രണ്ടായി തരംതിരിക്കാം. വ്യത്യസ്ത വിഭാഗങ്ങളിൽപ്പെടുന്ന ഏതാനും നാടോടി ഗാനങ്ങളെക്കുറിച്ച് പ്രതിപാദിച്ചിരിക്കുന്നത് കാണുക.

### 3.6.1 അപരിഷ്കൃതമായവ



(1) ഞാറ്റുപാട്ട് : കൃഷിയിടങ്ങളിൽ ഞാറ് നടുമ്പോൾ സ്ത്രീകൾ ആലപിക്കുന്നത്.

(2) വട്ടിപ്പാട്ട് : മുറം നിർമ്മിക്കുമ്പോൾ സ്ത്രീകൾ ആലപിക്കുന്നവ.

(3) വേടൻ പാട്ട് : നായാട്ടുകാർ ആലപിക്കുന്നത്.

മുകളിൽ പ്രതിപാദിച്ചിരിക്കുന്നവ കൂടാതെ അപരിഷ്കൃത വിഭാഗത്തിൽപ്പെടുന്ന ഗാനങ്ങൾക്ക് ഉദാഹരണങ്ങളാണ് താനാട്ടം, കാണിപ്പാട്ട്, അടിതളിപ്പാട്ട് മുതലായവ. ഈ ഗാനങ്ങളെല്ലാം തന്നെ സംഘമായാണ് ആലപിക്കുന്നത്. ത്രിശ്ര ഏകതാളത്തിലാണ് ഇവ കൂടുതലും കാണപ്പെടുന്നത്.

**ഓർമ്മിക്കുക**

- *അപരിഷ്കൃത വിഭാഗത്തിലുള്ള നാടോടി ഗാനങ്ങൾ*

### 3.6.2 അനുഷ്ഠാനഗാനങ്ങൾ

കേരളത്തിലെ ക്ഷേത്രാനുഷ്ഠാനങ്ങളുമായി ബന്ധപ്പെട്ട് നിരവധി ഗാനങ്ങളാണ് ഉണ്ടായിട്ടുള്ളത്. വളരെ ലളിതമായ ഇവയിൽ അധികവും ക്ഷേത്രങ്ങളിലെ മൂർത്തിയെ പ്രകീർത്തിച്ചുള്ളവയാണ്. ശാസ്ത്രീയ സംഗീതത്തിലധിഷ്ഠിതമായ ഗാനങ്ങളും ഇവയിലുൾപ്പെടുന്നു. തോടി, ചക്രവാകം, ഖരഹരപ്രിയ, ഹരികാംബോജി, ശങ്കരാഭരണം, കുന്തളവരാളി മുതലായ രാഗങ്ങൾ ചില ഗാനങ്ങളിൽ ഉപയോഗിച്ചിരിക്കുന്നതായി കാണാം. ചാപ്പ്, തൃപുട എന്നീ താളങ്ങളിലാണ് ഈ ഗാനങ്ങൾ പ്രധാനമായും ചിട്ടപ്പെടുത്തിയിരിക്കുന്നത്. തിശ്ര എകതാളവും അപൂർവമായി ഉപയോഗിച്ചിട്ടുണ്ട്. പ്രാചീന താളവാദ്യങ്ങളും ഇലത്താളങ്ങളും കൈമണികളുമാണ് ഈ ഗാനങ്ങളുടെ പിന്നണിയിൽ ഉപയോഗിക്കുന്നത്.

സർപ്പംപാട്ടുപോലെയുള്ള ഗാനങ്ങൾക്ക് പുള്ളുവവീണ (പുള്ളുവക്കുടം) പോലെയുള്ള തന്ത്രി വാദ്യങ്ങൾ ഉപയോഗിച്ചു കാണുന്നു. തോറ്റം പാട്ട്, കളമെഴുത്ത് പാട്ട്, സർപ്പപ്പാട്ട്, തീയാട്ട്പാട്ട്, പൂരക്കളിപ്പാട്ട്, ഗന്ധർവൻപാട്ട്,

വേലൻപാട്ട് മുതലായവ കേരളത്തിലെ അനുഷ്ഠാനഗാനങ്ങൾക്ക് ഉദാഹരണങ്ങളാണ്.



*കളമെഴുത്ത് പാട്ട്*



*പൂരക്കളി*

**ഓർമ്മിക്കുക**

- *അനുഷ്ഠാനവുമായി ബന്ധപ്പെട്ട ഗാനങ്ങൾ*
- *അനുഷ്ഠാന സംഗീതത്തിലുപയോഗിക്കുന്ന വാദ്യങ്ങൾ*
- *ഇവയിലുപയോഗിക്കുന്ന രാഗങ്ങളും താളങ്ങളും*

**പ്രവർത്തനം**

*അനുഷ്ഠാനഗാനങ്ങൾ പാടി പരിശീലിക്കുക.*

## 3.7 ആചാരസംബന്ധമായ ഗാനങ്ങൾ

ആചാരങ്ങളുമായി ബന്ധപ്പെട്ട ഗാനങ്ങൾ പരിഷ്കൃത വിഭാഗത്തിൽപ്പെടുന്ന നാടോടി ഗാനങ്ങളിൽപ്പെടുന്നവയാണ്. പ്രധാനപ്പെട്ട ആഘോഷങ്ങളോടും മതപരമായ ഉത്സവങ്ങളോടും ബന്ധപ്പെട്ടാണ് ഇത്തരം ഗാനങ്ങളിൽ കൂടുതലും രചിക്കപ്പെട്ടിട്ടുള്ളത്. പ്രശസ്തരായ വാഗ്ഗേയകാരന്മാരുടെ രചനകളും ഈ ഗണത്തിൽ കാണപ്പെടുന്നു. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

## 3.8 തിരുവാതിര/കൈകൊട്ടിക്കളിപാട്ട്



സ്ത്രീകളുടെ ഉത്സവമായ ധനുമാസത്തിലെ തിരുവാതിര നാളിൽ സംഘം ചേർന്ന് സ്ത്രീകൾ ഏർപ്പെടുന്ന നൃത്തരൂപമാണ് തിരുവാതിരക്കളി. കത്തിച്ചുവച്ച നിലവിളക്കിന് ചുറ്റും നിന്നുകൊണ്ട് ദേവസ്തുതികളോടെ പാട്ടുകൾക്കൊപ്പം കൈകൊട്ടിക്കൊണ്ട് വട്ടത്തിൽ ചുവടുവയ്ക്കുന്ന കളിയാണിത്. ഹൈന്ദവ പുരാണങ്ങളിലെ പ്രമേയങ്ങളാണ് ഗാനരൂപത്തിൽ അവതരിപ്പിക്കപ്പെടുന്നത്. കുമ്മിപ്പാട്ട് മുതലായവ വളരെ ആകർഷകങ്ങളായ തിരുവാതിരപ്പാട്ടുകളാണ്.

ശങ്കരാഭരണം, ആരഭി, കല്ല്യാണി, കാംബോജി, ആനന്ദഭൈരവി മുതലായവ ഈ ഗാനങ്ങളിൽ കൂടുതലായി ഉപയോഗിക്കപ്പെടുന്ന രാഗങ്ങളാണ്. തിശ്ര ഏകം, ചതുരശ്രഏകം, മിശ്രചാപ്പ് മുതലായ താളങ്ങളിലാണ് ഇവയിലേറെയും ചിട്ടപ്പെടുത്തിയിട്ടുള്ളത്. കൂടുതൽ ഗാനങ്ങളും മലയാളത്തിലാണ് രചിക്കപ്പെട്ടിരിക്കുന്നത്. ആട്ടക്കഥകളിൽ നിന്നുള്ള ഗാനങ്ങളും വിരളമല്ല.

**ഓർമ്മിക്കുക**

- *തിരുവാതിരക്കളിയും അവയിലുപയോഗിച്ചിരിക്കുന്ന ഗാനങ്ങളും*
- *ഗാനങ്ങളിലെ പ്രമേയം, രാഗങ്ങൾ, താളങ്ങൾ എന്നിവ*

**പ്രവർത്തനം**

- *തിരുവാതിരപാട്ടുകൾ പാടി മനസ്സിലാക്കുക.*

## 3.9 വഞ്ചിപ്പാട്ട്



മലയാള സാഹിത്യത്തിലെ വ്യത്യസ്തമായ ഒരു ഗാനശാഖയാണ് വഞ്ചിപ്പാട്ട്. വഞ്ചിപ്പാട്ട് വൃത്തത്തിൽ രചിക്കപ്പെട്ടിട്ടുള്ള ഇവ മലയാളികൾക്ക് സുപരിചിതമായ ഗാനങ്ങളാണ്. പതിഞ്ഞ കാലത്തിൽ തുടങ്ങി അവസാനത്തോടടുത്ത് ദ്രുതവേഗം കൈവരിക്കുന്ന ഗാനങ്ങളാണിവ. ഒരു വള്ളത്തിന്റെ ആരംഭസ്ഥാനം മുതൽ ലക്ഷ്യസ്ഥാനം വരെയുള്ള യാത്രയുടെ വിശേഷങ്ങളാണ് വഞ്ചിപ്പാട്ടിലൂടെ അവതരിപ്പിക്കുന്നത്.

വള്ളം തുഴയുന്നവരുടെ ചുണ്ടിലുദിച്ച ഈ ഗാനങ്ങളുടെ അനേകം സാഹിത്യ സൃഷ്ടികൾ മലയാളത്തിലുണ്ടായിട്ടുണ്ട്. രാമപുരത്ത് വാര്യരുടെ കുചേലവൃത്തം വഞ്ചിപ്പാട്ട് ഈ വിഭാഗത്തിലെ ഏറ്റവും ജനകീയമായ ഗണത്തിൽപ്പെടുന്ന ഒന്നാണ്. ശങ്കരാഭരണം, ആനന്ദഭൈരവി, കാംബോജി മുതലായ രാഗങ്ങളും തിശ്ര ഏകം, ചതുരശ്ര ഏകം തുടങ്ങിയ താളങ്ങളും ഈ ഗാനങ്ങളിൽ ഉപയോഗിച്ചിരിക്കുന്നു.

**ഓർമ്മിക്കുക**

- *വഞ്ചിപ്പാട്ടിന്റെ പ്രത്യേകതകൾ*
- *വഞ്ചിപ്പാട്ടിൽ ഉപയോഗിച്ചിരിക്കുന്ന പ്രമേയം, രാഗങ്ങൾ, താളങ്ങൾ മുതലായവ.*

**പ്രവർത്തനം**

- *വഞ്ചിപ്പാട്ട് പാടി പരിശീലിക്കുക.*

## 3.10 ഊഞ്ഞാൽപ്പാട്ട്

ഓണം, തിരുവാതിര തുടങ്ങിയ ആഘോഷാവസരങ്ങളിൽ ഒഴിച്ചുകൂടാനാവാത്ത ഗാനങ്ങളാണിവ. ഊഞ്ഞാലാടിക്കൊണ്ട് സ്ത്രീകൾ ആലപിക്കുന്ന വളരെ മന്ദ ഗതിയിലുള്ള ഗാനങ്ങളാണ് ഊഞ്ഞാൽപ്പാട്ടുകൾ. പുരാണങ്ങളിൽ നിന്നുള്ള പ്രമേയങ്ങളാണ് ഇവയുടെ ഇതിവൃത്തം. ആനന്ദഭൈരവി, ആരഭി, ശങ്കരാഭര ണം തുടങ്ങിയ രാഗങ്ങളും തിശ്രഏക തുടങ്ങിയ താളങ്ങളും ഈ ഗാനങ്ങ ളിൽ ഉപയോഗിച്ചിരിക്കുന്നു.

**ഓർമ്മിക്കുക**

- *ഊഞ്ഞാൽപ്പാട്ടിലുപയോഗിച്ചിരിക്കുന്ന രാഗങ്ങൾ, താളങ്ങൾ*

**പ്രവർത്തനം**

- *ഏതാനും ഊഞ്ഞാൽപ്പാട്ടുകൾ ശേഖരിക്കുക*

## 3.11 മാർഗംകളി പാട്ടുകൾ



സിറിയൻ ക്രിസ്ത്യാനികളുടെ ഇടയിൽ പ്രചാരത്തിലുള്ള നാടോടി ഗാനങ്ങളിൽ ഏറ്റവും പ്രമുഖമായവയാണ് മാർഗംകളിപ്പാട്ടുകൾ. ഏകദേശം മുന്നൂറ് വർഷത്തിന് മുകളിൽ പഴക്കമുള്ളവയാണിവ. തമിഴ്, മലയാളം ഭാഷകളുടെ ഒരു സങ്കരരൂപം ചില പാട്ടുകളിൽ കാണപ്പെടുന്നു. ക്രിസ്തുശിഷ്യനായ സെന്റ് തോമസിന്റെ പ്രേഷിതവേലയുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് ഇതിന്റെ പ്രമേയം. ചതുരശ്ര ഏകം, മിശ്രചാപ്പ്, രൂപകം മുതലായ താളങ്ങൾ ഇതിലുപയോഗിച്ചിരിക്കുന്നു. തിരുവാതിരയിലെന്നപോലെ, വൃത്തത്തിൽ നിന്ന് ഗാനങ്ങളാലപിച്ചുകൊണ്ട് സംഘം ചേർന്ന് സ്ത്രീകളാണ് മാർഗംകളിയിലേർപ്പെടുന്നത്.

**ഓർമ്മിക്കുക**

- *മാർഗ്ഗം കളിയുടെ പ്രത്യേകതകൾ*

## 3.12 മാപ്പിളപ്പാട്ട്



മുസ്ലീം ജനസമൂഹത്തിനിടയിൽ പ്രചാരത്തിലുള്ള ഒരു ഗാനരൂപമാണ് മാപ്പിളപ്പാട്ട്. ഇവയ്ക്ക് ഏകദേശം 700 വർഷത്തിനു മുകളിൽ പഴക്കമുണ്ടെന്നാണ് കരുതപ്പെടുന്നത്. ആദ്യകാലങ്ങളിൽ ഭക്തിരസ പ്രധാനങ്ങളായ രചനകളായിരുന്നു ഇവ. പ്രവാചകൻ മുഹമ്മദ് നബി





യുമായി ബന്ധപ്പെട്ട അനേകം പാട്ടുകൾ ഈ ഗാനശാഖയിലുണ്ടായിട്ടുണ്ട്. മാനുഷിക വിഷയങ്ങൾ പ്രമേയമാക്കി നിരവധി മാപ്പിളപ്പാട്ടുകൾ പിന്നീട് രചിക്കപ്പെട്ടു. താളാത്മകവും ഗാനമാധുര്യമുള്ളവയുമായ ഇവ പേർഷ്യൻ, അറബി, ഉറുദു, മലയാളം എന്നീ ഭാഷകളുടെ സമന്വയത്തിൽ ഉടലെടുത്ത വശ്യതയാർന്ന ഗാനങ്ങളാണ്. വിവാഹാവസരങ്ങളിൽ അവതരിപ്പിക്കപ്പെടുന്ന ഒപ്പന, ദഫ്മുട്ട്, കോൽക്കളി എന്നിവയുടെ ഗാനങ്ങളും മാപ്പിളപ്പാട്ടുകളിൽപ്പെടുന്നു. ഏക താളമാണ് കൂടുതൽ പാട്ടുകളിലും ഉപയോഗിച്ചു കാണുന്നത്.

**ഓർമ്മിക്കുക**

- *മാപ്പിളപ്പാട്ടിന് ഉദാഹരണങ്ങൾ*
- *മാപ്പിളപ്പാട്ടിൽ ഉപയോഗിച്ചിരിക്കുന്ന ഭാഷ. പ്രമേയം, താളം മുതലായവ*

**പ്രവർത്തനം**

- *മാപ്പിളപ്പാട്ട് അവതരിപ്പിക്കുക*

## 3.13 താരാട്ട്പാട്ട്

സ്വാന്തനമേകുന്ന വരികളോടുകൂടിയ, ലളിതമായ താരാട്ട് പാട്ടുകൾ മലയാളത്തിലേറെ ഉണ്ടായിട്ടുണ്ട്. ഇരയിമ്മൻ തമ്പിയുടെ 'ഓമന തിങ്കൾക്കിടാവോ' എന്ന ഗാനം താരാട്ട് പാട്ടിന് ഉത്തമോദാഹരണമായി കണക്കാക്കുന്നു. കുറിഞ്ചി, നീലാംബരി, ആനന്ദഭൈരവി, ശങ്കരാഭരണം തുടങ്ങിയ രാഗങ്ങളിലാണ് താരാട്ടുപാട്ടുകൾ കൂടുതലായി കാണപ്പെടുന്നത്. മിശ്രചാപ്പ്, തിശ്രഏകം തുടങ്ങിയ താളങ്ങളിലാണ് ഇവയിലേറെയും ചിട്ടപ്പെടുത്തിയിട്ടുള്ളത്.

**ഓർമ്മിക്കുക**

- *താരാട്ടുപാട്ടുകളിലുപയോഗിക്കുന്ന രാഗങ്ങൾ*

## 3.14 വീരഗാഥകൾ

ഓരോ ദേശത്തെയും വീരന്മാരായ യോദ്ധാക്കളുടെ ധീരോദാത്തമായ കഥകൾ പ്രമേയമാക്കിയ ഗാനങ്ങളാണിവ. നൂറ് കണക്കിന് വർഷങ്ങൾക്ക് മുമ്പ് ഉടലെടുത്ത ഇവ ഓരോ പ്രദേശത്തെ ജനങ്ങളുടെ ആരാധ്യ പുരുഷന്മാരെയും വീരാംഗനമാരെയും വർണ്ണിക്കുന്നവയാണ്. വടക്കൻ പാട്ടുകളും തെക്കൻപാട്ടുകളും മലയാളത്തിലെ ജനകീയങ്ങളായ വീരഗാഥകളിൽപ്പെടുന്നു. അയ്യപ്പസ്വാമിയെ പ്രകീർത്തിക്കുന്ന ഗാനങ്ങളും പ്രചാരത്തിലുണ്ട്.

'പാണർ' വിഭാഗത്തിൽപ്പെടുന്ന ഗായകരാണ് ഈ ഗാനങ്ങൾ സാധാരണ അവതരിപ്പിക്കുന്നത്. ചതുരശ്രഏകം, തിശ്രഏകം മുതലായ താളങ്ങളും 5, 3 എന്നിങ്ങനെ അക്ഷരകാലം വരുന്ന അപൂർവതാളങ്ങളും ഇവയിൽ കാണപ്പെടുന്നു. 'ഉടുക്ക്' പോലെയുള്ള താളവാദ്യങ്ങളും 'നന്തുണി' പോലെയുള്ള തന്ത്രി വാദ്യങ്ങളും ഈ ഗാനങ്ങൾക്ക് മിഴിവേകുന്ന വാദ്യങ്ങളാണ്. നാദനാമക്രിയ, ആരഭി മുതലായ രാഗങ്ങളുടെ സാന്നിധ്യം ഈ ഗാനങ്ങളിൽ കാണാവുന്നതാണ്.

**ഓർമ്മിക്കുക**

- *കേരളത്തിന്റെ വീരഗാഥകൾ*
- *ഇവയിലുപയോഗിക്കുന്ന വാദ്യങ്ങൾ*

**പ്രവർത്തനം**

- *വടക്കൻ പാട്ടുകളും തെക്കൻപാട്ടുകളും ശേഖരിക്കുക.*

### 3.15 പഞ്ചവാദ്യം



വാദ്യവൃന്ദങ്ങളുടെ ഒരു മേളമാണ് പഞ്ചവാദ്യം. താള-സുഷിരവാദ്യങ്ങളാണ്, ക്ഷേത്രാങ്കണങ്ങളിൽ അവതരിപ്പിക്കപ്പെടുന്ന ഈ മേളത്തിൽ അണിനിരക്കുന്നത്. ക്രിയാംഗം, സേവാംഗം എന്നിങ്ങനെ പഞ്ചവാദ്യത്തിന് രണ്ട് തരം വകഭേദങ്ങളുണ്ട്. ക്രിയാംഗപഞ്ചവാദ്യം ക്ഷേത്രങ്ങളിലെ ആചാരങ്ങളുമായും പൂജകളുമായും ബന്ധപ്പെട്ടതാണ്. ഉത്സവങ്ങളിലും ഘോഷയാത്രകളിലും ഉപയോഗിക്കുന്നതാണ് സേവാംഗ പഞ്ചവാദ്യം.

പേര് സൂചിപ്പിക്കുന്നതുപോലെ, പഞ്ചവാദ്യം എന്നാൽ 5 വാദ്യങ്ങൾ എന്നാണർത്ഥം. പഞ്ചവാദ്യത്തിന്റെ രണ്ട് വകഭേദങ്ങളിലും പ്രധാനമായും ഉപയോഗിക്കുന്നത് ചർമ്മവാദ്യമായ തിമിലയാണ്. തിമിലയ്ക്ക് പുറമേ ഘനവാദ്യമായ ചേങ്ങില (ചേന്നില), സുഷിരവാദ്യമായ ശംഖ് എന്നിവയും ഉപയോഗിക്കുന്നു. വീക്ക് ചെണ്ടയും കൈമണിയും ചേർന്ന് അഞ്ച് വാദ്യങ്ങൾ അടങ്ങിയതാണ് ക്രിയാംഗ പഞ്ചവാദ്യം.

തിമില, ചേങ്ങില, ശംഖ് മുതലായ വാദ്യങ്ങൾ കൂടാതെ ഇടയ്ക്കയും മദ്ദളവും കൂടി ചേർന്നതാണ് സേവാംഗ പഞ്ചവാദ്യം. സേവാംഗപഞ്ചവാദ്യമാണ് സാധാരണ പഞ്ചവാദ്യമെന്ന പേരിൽ അറിയപ്പെടുന്നത്. കൊമ്പ്, കുഴൽ തുടങ്ങിയ ഉപവാദ്യങ്ങളും ഇതിൽ ഉപയോഗിക്കാറുണ്ട്. ചേങ്ങിലയ്ക്ക് പകരം ചിലപ്പോൾ ഇലത്താളവും ഉപയോഗിക്കുന്നു.

ശംഖു മുഴക്കിയാണ് പഞ്ചവാദ്യം ആരംഭിക്കുന്നത്. ഇതിന്റെ അവസാനം ഇടയ്ക്ക വായിച്ചു തുടങ്ങും. രണ്ട് മൂന്ന് ആവർത്തനങ്ങൾ കഴിയുമ്പോൾ തിമിലയും പിന്നീട് ഒന്ന് രണ്ട് ആവർത്തനങ്ങൾ കഴിയുമ്പോൾ മദ്ദളവും വായിക്കുന്നു. ഒരു ഗതിയിൽ വായിച്ചതിനുശേഷം മറ്റൊരു ഗതിയിൽ ആവർത്തിക്കുന്നു. തൃപുട താളത്തിലാണ് സാധാരണ പഞ്ചവാദ്യം അവതരിപ്പിക്കപ്പെടുന്നത്. കർണാടക സംഗീതത്തിലെ തിശ്രജാതി തൃപുടതാളത്തിന് സമാനമാണിത്. വിളംബകാലത്തിൽ തുടങ്ങി മധ്യമകാലത്തിലെത്തി ദ്രുതകാലത്തിലാണ് പഞ്ചവാദ്യം അവസാനിക്കുന്നത്. താളത്തിന്റെ ഇടവേളകളിൽ കൊമ്പും ഇടയ്ക്ക് ശംഖും മുഴക്കുന്നു. ഇടവിട്ടിടവിട്ട് കുഴൽ വിളിയും ഇതോടൊപ്പം ചേരുന്നു.



കൊമ്പ്



തിമില

വാദ്യമേളക്കാർ നിന്നുകൊണ്ടാണ് പഞ്ചവാദ്യപ്രകടനം നടത്തുന്നത്. പഞ്ചവാദ്യത്തിലെ വ്യത്യസ്ത വാദ്യങ്ങളുടെ ശബ്ദ സമന്വയം 'ഹാർമ്മണി' യുടെ ഒരു പ്രതീതിയാണ് സൃഷ്ടിക്കുന്നത്.

മധ്യകേരളത്തിലെയും ഉത്തരകേരളത്തിലെയും നിരവധി ക്ഷേത്രങ്ങളിൽ പഞ്ചവാദ്യ പ്രകടനങ്ങൾ പരമ്പരാഗതമായി നടത്തപ്പെടാറുണ്ട്. തൃശൂർ പൂരവും ഉത്രാളിക്കാവ് വേലയും പഞ്ചവാദ്യഅവതരണനത്തിന് പ്രാധാന്യം നൽകുന്ന കേരളത്തിലെ പ്രധാനപ്പെട്ട രണ്ട് ഉത്സവങ്ങളാണ്. ഗുരുവായൂർ ശ്രീകൃഷ്ണ സ്വാമി ക്ഷേത്രത്തിലെ ദൈനംദിന പൂജകളിൽ പഞ്ചവാദ്യത്തിന് വളരെ പ്രധാനപ്പെട്ട സ്ഥാനമാണുള്ളത്.

**ഓർമ്മിക്കുക**

- *പഞ്ചവാദ്യത്തിന്റെ രണ്ട് വകഭേദങ്ങൾ*
- *സേവാംഗ-ക്രിയാംഗ പഞ്ചവാദ്യത്തിൽ ഉപയോഗിക്കുന്ന വാദ്യങ്ങൾ*
- *പഞ്ചവാദ്യത്തിലെ വാദ്യക്രമീകരണവും അവതരണവും.*

**പ്രവർത്തനം**

- *പഞ്ചവാദ്യത്തിൽ ഉപയോഗിക്കുന്ന വാദ്യങ്ങളുടെ ഒരു ആൽബം തയ്യാറാക്കുക.*

## മൂല്യനിർണയം

1. ഗീതഗോവിന്ദം രചിച്ചത്........ 1
2. കേരളത്തിന്റെ തനത് സംഗീത സമ്പ്രദായം 1
3. സോപാന സംഗീതത്തിന്റെ അകമ്പടിവാദ്യം 1
4. സോപാന സംഗീതത്തിലെ പ്രമുഖരായ രണ്ട് ഗായകർ. 1
5. കുചേലവൃത്തം വഞ്ചിപ്പാട്ട് രചിച്ചത്....... 1
6. കഥകളി സംഗീതത്തിലെ പ്രധാനപ്പെട്ട പിന്നണി വാദ്യങ്ങൾ. 2
7. അപരിഷ്കൃത വിഭാഗത്തിൽപ്പെടുന്ന കേരളത്തിലെ രണ്ട് നാടോടിപ്പാട്ടുകൾ 2
8. കേരളത്തിലെ പ്രമുഖരായ നാല് പ്രധാനവാഗ്ഗേയകാരന്മാർ 2
9. പരിഷ്കൃത വിഭാഗത്തിൽപ്പെടുന്ന കേരളത്തിന്റെ രണ്ട് നാടോടിപ്പാട്ടുകൾ 2
10. ഊഞ്ഞാൽപ്പാട്ടിനെകുറിച്ച് ഒരു ഖണ്ഡിക എഴുതുക. 3
11. മാർഗംകളിപ്പാട്ട് ലഘുവായി വിവരിക്കുക. 4
12. മാപ്പിളപ്പാട്ട് ലഘുവായി വിവരിക്കുക. 4
13. തിരുവാതിരയുടെ പ്രത്യേകതകൾ വിശദമായി പ്രതിപാദിക്കുക. 5
14. കഥകളി സംഗീതത്തിൽ ഉപയോഗിക്കുന്ന രാഗങ്ങൾ, താളങ്ങൾ, വാദ്യങ്ങൾ എന്നിവയെക്കുറിച്ച് വിശദമാക്കുക. 5
15. പഞ്ചവാദ്യത്തിൽ ഉപയോഗിക്കുന്ന വാദ്യങ്ങൾ ഏവ? വിശദമാക്കുക. 5
16. കേരളത്തിലെ അനുഷ്ഠാനഗാനങ്ങളെക്കുറിച്ച് ലഘുവായി വിവരിക്കുക. 5
17. ചേരുംപടി ചേർക്കുക.

| | | |
|---|---|---|
| (എ) ചെമ്പട | - | ജയദേവൻ |
| (ബി) അഷ്ടപദി | - | മേളം |
| (സി) ഇടയ്ക്ക | - | വീരഗാഥകൾ |
| (ഡി) പഞ്ചവാദ്യം | - | സോപാന സംഗീതം |
| (ഇ) വടക്കൻപാട്ട് | - | ആദിതാളം |

18. കേരളത്തിലെ നാടോടി സംഗീതത്തെക്കുറിച്ച് ഒരു ഉപന്യാസം തയ്യാറാക്കുക. 8

## റഫറൻസ്


1. ട്രാവൻകൂർ മ്യൂസിക് ആൻഡ് മ്യൂസീഷ്യൻസ് – ടി. ലക്ഷ്മണൻ പിള്ള
2. വടക്കൻപാട്ടുകൾ – കേരള സംസ്ഥാന സാഹിത്യപരിഷത്
3. കേരള സംഗീതം – മാലി
4. സ്റ്റഡീസ് ഇൻ ഇന്ത്യൻ മ്യൂസിക് ആൻഡ് അലൈഡ് ആർട്സ് – ഡോ. ലീലാ ഓംചേരി, ഡോ. ദീപ്തി ഓംചേരി ഭല്ല.
5. ഫോക് ലോർ ഓഫ് കേരള – ശ്രീ കാവാലം നാരായണപണിക്കർ
6. സോഷ്യൽ ആൻഡ് കൾചറൽ ഹിസ്റ്ററി ഓഫ് കേരള – പ്രൊഫ. എ. ശ്രീധരമേനോൻ.
7. കൾചറൽ ഹെറിറ്റേജ് ഓഫ് കേരള – പ്രൊഫ. എ. ശ്രീധരമേനോൻ.

L5M9L2

# യൂണിറ്റ് - 4
# സംഗീതോപകരണങ്ങൾ

## പഠനനേട്ടങ്ങൾ

- സംഗീതോപകരണങ്ങളെ വർഗ്ഗീകരിക്കുന്നു.
- തന്ത്രിവാദ്യങ്ങൾ, സുഷിരവാദ്യങ്ങൾ എന്നിവ വേർതിരിച്ചറിയുന്നു.
- തന്ത്രിവാദ്യങ്ങളെ മീട്ടിവായിക്കുന്നവ, വില്ല് വച്ച് വായിക്കുന്നവ, തട്ടിവായിക്കുന്നവ എന്നിങ്ങനെ തരംതിരിക്കുന്നു.
- സുഷിരവാദ്യങ്ങളെ വർഗീകരിക്കുന്നു.
- ചർമവാദ്യങ്ങളേയും ഘനവാദ്യങ്ങളേയും തിരിച്ചറിയുന്നു.
- ശ്രുതിവാദ്യങ്ങളെ തിരിച്ചറിയുന്നു.
- ഏകധ്വനി വാദ്യങ്ങൾ, ബഹുധ്വനി വാദ്യങ്ങൾ എന്നിവയെ വേർതിരിച്ചറിയുന്നു.

## പ്രധാനാശയങ്ങൾ

- സംഗീതോപകരണങ്ങളുടെ വർഗീകരണം
- തന്ത്രിവാദ്യങ്ങൾ
- മീട്ട് വാദ്യങ്ങൾ
- വില്ല് വാദ്യങ്ങൾ
- തത വാദ്യങ്ങൾ
- സുഷിര വാദ്യങ്ങൾ
- താളവാദ്യങ്ങൾ
- ചർമ്മ വാദ്യങ്ങൾ
- ഘന വാദ്യങ്ങൾ
- ശ്രുതി വാദ്യങ്ങൾ
- നാടോടി വാദ്യങ്ങൾ
- തംബുരു

## 4.1 ആമുഖം

സംഗീതം, നൃത്തം തുടങ്ങിയ കലാരൂപങ്ങളെല്ലാം തന്നെ പൂർണ്ണമാവുന്നത് പശ്ചാത്തല സംഗീതോപകരണങ്ങൾ അവയോട് ചേരുമ്പോഴാണ്. സംഗീതത്തിന് അനുപേക്ഷണീയമായ സംഗതിയാണ് വാദ്യങ്ങൾ. സംഗീതോപകരണങ്ങൾ ആവിർഭവിച്ചത് വേദകാലഘട്ടത്തിലാണ് എന്നാണ് കരുതപ്പെടുന്നത്. വാദ്യങ്ങളുടെ എണ്ണത്തിലും വൈവിധ്യത്തിലും ഇന്ത്യയെ വെല്ലാൻ വേറൊരു ദേശമില്ല. വിവിധ നാദവിശേഷങ്ങൾ പ്രകടിപ്പിക്കാവുന്ന വ്യത്യസ്ത സംഗീതരൂപങ്ങൾക്ക് പശ്ചാത്തലമൊരുക്കുന്ന, ആകൃതിയിലും സ്വരവ്യാപ്തിയിലും വിഭിന്നങ്ങളായ, വിവിധ പേരുകളിലുള്ള അഞ്ഞൂറിൽപ്പരം വാദ്യങ്ങൾ ഭാരതത്തിലുണ്ട് എന്നാണ് കരുതപ്പെടുന്നത്.

ശാസ്ത്രീയ സംഗീതം, നാടോടി സംഗീതം, ഗോത്രസംഗീതം തുടങ്ങിയ സംഗീതശാഖകളിൽ ഉപയോഗിക്കപ്പെടുന്നവയാണിവ. പ്രസിദ്ധ വാഗ്ഗേയകാരന്മാരായ ത്യാഗരാജൻ, മുത്തുസ്വാമി ദീക്ഷിതർ, ശ്യാമശാസ്ത്രി തുടങ്ങിയവർ ഉപകരണസംഗീതത്തിലും പ്രതിഭ തെളിയിച്ചവരായിരുന്നു.

സംഗീതോപകരണങ്ങൾ അവയുടെ നിർമാണം, ഉപയോഗം, പ്രയോഗരീതി എന്നിവ മുൻനിർത്തി വർഗീകരിക്കപ്പെട്ടിട്ടുണ്ട്. തതം, അവനദ്ധം, ഘനം, സുഷിരം എന്നിങ്ങനെ ഭരതൻ തന്റെ നാട്യശാസ്ത്രത്തിൽ വാദ്യോപകരണങ്ങളെ നാലായി തരംതിരിച്ചിട്ടുണ്ട്. ആധുനിക സംഗീതത്തിൽ വാദ്യോപകരണങ്ങളെ മൂന്നായി വർഗീകരിച്ചിരിക്കുന്നു.

1. തന്ത്രിവാദ്യങ്ങൾ - വാദ്യങ്ങളിലെ തന്ത്രികളുടെ കമ്പനമനുസരിച്ച് നാദമുണ്ടാകുന്നവ.
2. സുഷിരവാദ്യങ്ങൾ - വാദ്യങ്ങളുടെ ഉള്ളറകളിലെ വായു കമ്പനം ചെയ്ത് നാദമുണ്ടാകുന്നവ.
3. താളവാദ്യങ്ങൾ - വാദ്യങ്ങളിൽ വലിച്ചുമുറുക്കി കെട്ടിയ ചർമ്മത്തിലോ ലോഹത്തിലോ തട്ടി ശബ്ദമുണ്ടാകുന്നവ.

## 4.2 തന്ത്രി വാദ്യങ്ങൾ

തതവാദ്യങ്ങൾ അല്ലെങ്കിൽ കമ്പി വാദ്യങ്ങൾ എന്നീ പേരുകളിലും ഇവ അറിയപ്പെടുന്നു. മുറുക്കി കെട്ടിയ കമ്പികളിലോ അല്ലെങ്കിൽ വള്ളികളോ തട്ടിയോ ഉരസുകയോ ചെയ്താണ് ഈ വാദ്യങ്ങൾ പ്രയോഗിക്കപ്പെടുന്നത്. ഇവ മൂന്ന് വിധത്തിലുണ്ട്.



a. **മീട്ടി വായിക്കുന്നവ:** ഇത്തരം വാദ്യങ്ങളിൽ തന്ത്രികൾ വിരലുകൾ കൊണ്ടോ, നഖം കൊണ്ടോ മറ്റ് വസ്തുക്കൾ കൊണ്ടോ മീട്ടി വായിക്കുന്നു.

ഉദാ: - വീണ, ഗോട്ടുവാദ്യം, തംബുരു



b. **വില്ലുപയോഗിച്ച വായിക്കുന്നവ:** വില്ല് (bow) ഉപയോഗിച്ച് ഉരച്ചു വായിക്കുന്നവയാണീ വാദ്യങ്ങൾ.

ഉദാ:- വയലിൻ. സാരംഗി, ദിൽറൂബ



c. **അടിച്ചു വായിക്കുന്നവ:** തന്ത്രികളെ ലോഹക്കഷണം കൊണ്ടോ മരക്കഷണം കൊണ്ടോ അടിച്ചോ തട്ടിയോ വായിക്കുന്നവ.

ഉദാ:- പിയാനോ, സന്തൂർ

തന്ത്രിവാദ്യങ്ങളിൽ തംബുരു, ഏക്താര മുതലായ വാദ്യങ്ങളുടെ തന്ത്രികൾ ഏതു സ്വരത്തിലാണോ ശ്രുതി ചേർക്കപ്പെട്ടിരിക്കുന്നത്, ആ സ്വരം മാത്രം വായിക്കാൻ കഴിയുന്നവയാണ്. എന്നാൽ വീണ, വയലിൻ തുടങ്ങിയ വാദ്യങ്ങൾ വ്യത്യസ്ത സ്വരങ്ങൾ വായിക്കാൻ കഴിയുന്നവയാണ്.

ഏകധ്വനി പുറപ്പെടുവിക്കുന്ന കമ്പികളും (താളക്കമ്പികൾ) സ്വരങ്ങൾ പ്രയോഗിക്കാൻ കഴിയുന്ന കമ്പികളും ചേർന്ന വാദ്യമാണ് വീണ. കീബോർഡ് ഉപയോഗിക്കുന്ന ഒരു തന്ത്രിവാദ്യമാണ് പിയാനോ.

**ഓർമ്മിക്കുക**

- *ഭരതമുനിയുടെ വാദ്യോപകരണങ്ങൾ വർഗീകരണം*
- *ആധുനിക സംഗീതത്തിലെ വാദ്യങ്ങളുടെ വർഗ്ഗീകരണം*

**പ്രവർത്തനം**

- *തന്ത്രിവാദ്യങ്ങളുടെ ചിത്രങ്ങളടങ്ങിയ ഒരു ആൽബം തയാറാക്കുക*

## 4.3 സുഷിര വാദ്യങ്ങൾ

കാറ്റ് വാദ്യങ്ങൾ എന്ന പേരിലും ഇവ അറിയപ്പെടുന്നു. വായുമുഖേന നാദമുണ്ടാകുന്ന വാദ്യങ്ങളാണീ ഉപകരണങ്ങൾ. സുഷിരവാദ്യങ്ങൾ രണ്ടായി തരം തിരിച്ചിരിക്കുന്നു.



a. h nb pk © rl Ä : **അഥവാ ബെല്ലോസ് മുഖേന നാദമുണ്ടാകുന്നവ:** ഇവയെ യന്ത്രവാദ്യങ്ങൾ എന്നു വിളിക്കാറുണ്ട്. ഉദാ:- ഹാർമോണിയം



b. **ഊതി വായിക്കുന്നവ:** ഇത്തരം വാദ്യങ്ങളിൽ ഊതുമ്പോൾ വായു അകത്ത് പ്രവേശിച്ച് നാദമുണ്ടാകുന്നു. പുല്ലാങ്കുഴൽ, നാഗസ്വരം, ശഹനായി മുതലായവ ഇത്തരം വാദ്യങ്ങൾക്ക് ഉദാഹരണങ്ങളാണ്. ഇവയെ മുഖവാദ്യങ്ങൾ എന്ന് വിശേഷിപ്പിക്കാറുണ്ട്. വായ്കൊണ്ട് ഊതുന്നവ, വായ്കൊണ്ടും നാസികകൊണ്ടും ഊതുന്നവ എന്നിങ്ങനെ ഇവ രണ്ടു തരത്തിലുണ്ട്. യഥാക്രമം, പുല്ലാങ്കുഴൽ, മഗുഡി എന്നിവ ഇവയ്ക്ക് ഉദാഹരണങ്ങളാണ്.

**ഓർമ്മിക്കുക**

- *രണ്ട് തരം സുഷിരവാദ്യങ്ങൾക്ക് ഉദാഹരണങ്ങൾ*

**പ്രവർത്തനം**

- *സുഷിരവാദ്യങ്ങളുടെ ചിത്രങ്ങളടങ്ങിയ ഒരു ആൽബം തയാറാക്കുക*

## 4.4 താള വാദ്യങ്ങൾ

താളവാദ്യങ്ങളിൽ പടഹ (drum) വിഭാഗത്തിൽപ്പെടുന്നവ അവനദ്ധ വാദ്യങ്ങൾ അഥവാ ചർമ്മ വാദ്യങ്ങൾ എന്നും ഇലത്താളം, കൈമണി മുതലായവ ലോഹ വാദ്യങ്ങൾ അഥവാ ഘനവാദ്യങ്ങൾ എന്നും അറിയപ്പെടുന്നു. അവനദ്ധം എന്നാൽ മൂടപ്പെട്ടത് എന്നാണർത്ഥം. ഒരു മുഖമോ ഒന്നിൽ കൂടുതൽ മുഖങ്ങളോ ആവരണം ചെയ്യപ്പെട്ട താളവാദ്യങ്ങളാണ് അവനദ്ധ വാദ്യങ്ങൾ. മൃദംഗം, തബല, മദ്ദളം മുതലായവ അവനദ്ധ വാദ്യങ്ങൾക്ക് ഉദാഹരണങ്ങളാണ്.



അവനദ്ധ വാദ്യങ്ങൾക്ക് താഴെ നൽകിയിരിക്കുന്ന വക ഭേദങ്ങളുണ്ട്.

1. കൈകൊണ്ട് വായിക്കുന്നവ. ഉദാ: – മൃദംഗം, തബല
2. കോൽ മുതലായ അചേതന വസ്തുക്കൾ കൊണ്ട് വായിക്കുന്നവ. ഉദാ: – ചെണ്ട
3. ഒരു വശം കൈകൾകൊണ്ടും മറുവശം കോലുകൊണ്ടും വായിക്കുന്നവ. ഉദാ:– തവിൽ



അവനദ്ധവാദ്യങ്ങൾ വീണ്ടും വർഗീകരിക്കപ്പെട്ടിരിക്കുന്നു.

1. ഏകമുഖവാദ്യം – ഉദാ: ഗഞ്ചിറ
2. ദ്വിമുഖവാദ്യം – ഉദാ: തബല, മൃദംഗം
3. ത്രിമുഖവാദ്യം – ഉദാ: പുഷ്കര
4. പഞ്ചമുഖവാദ്യം – ഉദാ: പഞ്ചമുഖവാദ്യം

നിശ്ചിത ശ്രുതിയിൽ നിർമ്മിക്കപ്പെടുന്നവയാണ് ഘനവാദ്യങ്ങൾ. ഇവയുടെ ശ്രുതി നിശ്ചിതമാകയാൽ ഇവയെ ശ്രുതി ചേർക്കുവാൻ സാധ്യമല്ല. നിരവധി ഇലത്താളങ്ങളും കൈമണികളും ഈ വിഭാഗത്തിലുണ്ട്. താളം പിടിക്കുന്നതിനാണ് ഈ വാദ്യങ്ങൾ പ്രധാനമായും ഉപയോഗിക്കുന്നത്. ക്ഷേത്രാരാധനയുമായി ബന്ധപ്പെട്ട വാദ്യങ്ങളാണ് ഇവയിൽ അധികവും.

ഉദാ: – ജാൽറ, ഇലത്താളം, ചേങ്ങില, ബ്രഹ്മതാളം മുതലായവ.

താളവാദ്യങ്ങളെ വീണ്ടും തരം തിരിക്കാവുന്നതാണ്.

1. **പ്രധാന താളവാദ്യങ്ങൾ:** കച്ചേരികളിൽ അവിഭാജ്യഘടകങ്ങളായ താളവാദ്യങ്ങൾ.

   ഉദാ: മൃദംഗം, തബല

2. **ഉപതാളവാദ്യങ്ങൾ :** പ്രധാന താളവാദ്യങ്ങളെ പിന്താങ്ങുന്ന വാദ്യങ്ങൾ

   ഉദാ: ഘടം, ഗഞ്ചിറ, മുഖർശംഖ്





**ഓർമ്മിക്കുക**

- *താളവാദ്യ വർഗീകരണം*

**പ്രവർത്തനം**

- *ചർമവാദ്യങ്ങൾ, ഘനവാദ്യങ്ങൾ എന്നിവയെ ചിത്രീകരിക്കുന്ന ഒരു ആൽബം തയാറാക്കുക.*

താളവാദ്യങ്ങളെ വീണ്ടും തരംതിരിക്കാവുന്നതാണ്.

1. ശ്രുതി ചേർക്കാവുന്നവ - ആവശ്യാനുസരണം ശ്രുതി ചേർക്കാവുന്ന വാദ്യങ്ങൾ ഉദാ: മൃദംഗം, തബല.
2. ശ്രുതിചേർക്കാനാവാത്ത വാദ്യങ്ങൾ: നിർമാണ സമയത്ത് തന്നെ ശ്രുതി ക്ലിപ്തപ്പെടുത്തിയിട്ടുള്ള വാദ്യങ്ങൾ. ഉദാ: - ഘടം. വേർപെടുത്താനാവുന്ന ഭാഗങ്ങളില്ലാത്ത, ഒരൊറ്റ അസംസ്കൃത വസ്തു മാത്രം ഉപയോഗിച്ച് നിർമിക്കപ്പെടുന്ന ഒരു വാദ്യമാണ് ഘടം.

**ഓർമ്മിക്കുക**

- *ശ്രുതി ചേർക്കാവുന്നതും അല്ലാത്തതുമായ വാദ്യങ്ങൾ*

**പ്രവർത്തനം**

- *ശ്രുതി ചേർക്കാവുന്നതും അല്ലാത്തതുമായ വാദ്യങ്ങളുടെ ഒരു ആൽബം തയാറാക്കുക*

സംഗീത കച്ചേരികളിലെ ഉപയോഗമനുസരിച്ച് വാദ്യോപകരണങ്ങളെ താഴെ പറയുന്ന രീതിയിൽ വർഗീകരിക്കാവുന്നതാണ്.



1. **ശ്രുതിവാദ്യങ്ങൾ:** ശ്രുതിയ്ക്കുവേണ്ടി മാത്രം ഉപയോഗിക്കുന്ന വാദ്യങ്ങൾ.
   ഉദാ: തംബുരു, ഏക്താർ, ശ്രുതിപ്പെട്ടി



2. **താളവാദ്യങ്ങൾ:** താളാകമ്പടി നല്കുന്നതിന് വേണ്ടി ഉപയോഗിക്കുന്ന വാദ്യങ്ങൾ
   ഉദാ: മൃദംഗം, തബല, ഘടം, ഗഞ്ചിറ, തവിൽ, ദോലക്
3. **സംഗീത വാദ്യങ്ങൾ:** രാഗാലാപനയും സംഗീതരൂപങ്ങളും ഒരേ പോലെ വായിക്കാൻ കഴിയുന്ന വാദ്യങ്ങൾ.
   ഉദാ: വീണ, വയലിൻ, പുല്ലാങ്കുഴൽ, നാഗസ്വരം

മേൽസൂചിപ്പിച്ച കച്ചേരി വാദ്യങ്ങളെല്ലാം തന്നെ തന്ത്രി - സുഷിര - താളവാദ്യങ്ങളിൽ ഉൾപ്പെടുന്നവയാണ്.

**ഓർമ്മിക്കുക**

- *ശ്രുതി ചേർക്കാവുന്നതും അല്ലാത്തതുമായ വാദ്യങ്ങൾ*

**പ്രവർത്തനം**

- *ശ്രുതി ചേർക്കാവുന്നതും അല്ലാത്തതുമായ വാദ്യങ്ങളുടെ ഒരു ആൽബം തയാറാക്കുക*

നാടോടിഗാനങ്ങളിലും നൃത്തങ്ങളിലും പശ്ചാത്തലമായി ഉപയോഗിക്കുന്ന വാദ്യങ്ങളിലധികവും താളവാദ്യങ്ങളും സുഷിരവാദ്യങ്ങളുമാണ്. താരതമ്യേന, അപരിഷ്കൃത വിഭാഗത്തിൽപ്പെടുന്നവയാണ് ഈ വാദ്യങ്ങൾ. തന്ത്രിവാദ്യങ്ങളായ നന്തുണി, ഫിഡിൽ, വീണക്കുഞ്ഞ് തുടങ്ങിയ വാദ്യങ്ങൾ ദക്ഷിണ കേരളത്തിൽ ഉപയോഗിച്ചു കാണുന്നു. ഗമകങ്ങൾ വായിക്കുന്നതിനുള്ള പരിമിതി മൂലം കീബോർഡ് ഉള്ള വാദ്യങ്ങൾക്ക് ഭാരതീയസംഗീതത്തിൽ വേണ്ടത്ര പ്രചാരം ലഭിച്ചിട്ടില്ല. ഫ്ളൂട്ട്, നാഗസ്വരം, ശെഹനായി തുടങ്ങിയ സുഷിരവാദ്യങ്ങൾ ഇത്തരം 'കീ' ഉപയോഗിക്കാത്ത വാദ്യങ്ങളാണ്. പാശ്ചാത്യ സംഗീതോപകരണങ്ങളായ വയലിൻ, ക്ലാർനെറ്റ്, മാൻഡലിൻ തുടങ്ങിയവ ഭാരതീയ സംഗീതത്തിലേക്ക് എത്തിപ്പെടുകയും ഇവിടെ അവയ്ക്ക് സ്വീകാര്യത ലഭിക്കുകയും ചെയ്തിട്ടുണ്ട്.

പ്ലാവ്, ഈട്ടി, ആനക്കൊമ്പ്, രക്തചന്ദനം, അകിൽ വൃക്ഷം, ഖദിര, ഹിമാലയൻ ദേവദാരു, വേപ്പ്, ഓക്ക്മരം, വൈൻ, കരിവീട്ടി, ചുരയ്ക്ക, മുള, ചൂരൽ, മൃഗങ്ങളുടെ തോൽ, ചെമ്പ്, ഇരുമ്പ് മുതലായവ വസ്തുക്കളാണ് ഇന്ത്യൻ സംഗീതോപകരണങ്ങളും അവയുടെ ഭാഗങ്ങളും നിർമ്മിക്കുന്നതിന് സാധാരണ ഉപയോഗിക്കുന്നത്.

## 4.5 തംബുരു

ശ്രുതി വാദ്യങ്ങളിൽ ഏറ്റവും വിശേഷമായ ഒരു തന്ത്രിവാദ്യമാണ് തംബുരു. ഭംഗിയാർന്ന ഈ വാദ്യം നിർമിച്ചിരിക്കുന്നത് മരം കൊണ്ടാണ്. തുംബുരു മഹർഷി ഉപയോഗിച്ചിരുന്ന വാദ്യമായതുകൊണ്ടാണ് തംബുരുവെന്ന പേർ വന്നതെന്നും അതല്ല, തുമ്പ എന്ന് വിളിക്കപ്പെടുന്ന ഉള്ളു പൊള്ളയായ ഭാഗം ചുരയ്ക്കകൊണ്ട് നിർമിച്ചതിനാലാണ് ഈ വാദ്യത്തിന് തംബുരുവെന്ന് പേർ വന്നുചേർന്നതെന്നും രണ്ടഭിപ്രായമുണ്ട്.

**തംബുരുവിന് താഴെപ്പറയുന്ന ഭാഗങ്ങളാണുള്ളത്.**

1. **കുടം** - (Bowl) പ്ലാവിന്റെ തടിയിലാണ് സാധാരണ ഇത് നിർമിക്കുന്നത്. അകം പൊള്ളയായ അർധഗോളാകൃതിയിലുള്ള ഇതിന്റെ മുകൾഭാഗത്ത് ചെറിയ ദ്വാരങ്ങൾ ഉണ്ടായിരിക്കും. ശബ്ദവീചികളെ അനുരണനം ചെയ്ത് നാദത്തെ സൃഷ്ടിക്കുക എന്നതാണ് കുടത്തിന്റെ പ്രധാന ധർമ്മം.
2. **ബ്രിഡ്ജ്** - കുടത്തിന്റെ മധ്യഭാഗത്തായി മരം കൊണ്ട് നിർമിച്ച ബ്രിഡ്ജ് ഉറപ്പിച്ചിരിക്കുന്നു. അർധവൃത്താകൃതിയിലുള്ള ഇതിലൂടെയാണ് തന്ത്രികൾ കടന്നു പോകുന്നത്.
3. **ദണ്ഡി** – കുടത്തോട് ബന്ധിച്ചിരിക്കുന്ന, നീളമുള്ള ഭാഗമാണ് ദണ്ഡി. ഉള്ളു പൊള്ളയായ ഇത് മരം കൊണ്ടാണ് നിർമിച്ചിരിക്കുന്നത്.
4. **ബരഡകൾ** (Tuning page)

   തന്ത്രികൾ വലിച്ചുകെട്ടിയിരിക്കുന്ന നാല് ബരഡകൾ ആണ് തംബുരുവിനുള്ളത്. ദണ്ഡിയുടെ അറ്റത്ത് കഴുത്തിനോട് ചേർന്ന് രണ്ട് ബരഡകളും ഇരു

വശങ്ങളിലായി രണ്ട് ബരഡകളും ഉറപ്പിച്ചിരിക്കുന്നു. ബരഡകൾ ആവശ്യാനുസരണം വലത്തോട്ടോ ഇടത്തോട്ടോ തിരിച്ചാണ് കമ്പികൾ ശ്രുതിചേർക്കുന്നത്.

**5. കമ്പികൾ**

4 തന്ത്രികളാണ് തംബുരുവിനുള്ളത്. ആദ്യത്തെ കമ്പി പഞ്ചമമെന്നും രണ്ടാമത്തേത് സാരണിയെന്നും മൂന്നാമത്തേത് അനുസാരണിയെന്നും നാലാമത്തേത് മന്ദ്രമെന്നും അറിയപ്പെടുന്നു. ഇവ യഥാക്രമം മധ്യസ്ഥായി പഞ്ചമം, താരഷഡ്ജം, താരഷഡ്ജം, മധ്യസ്ഥായി ഷഡ്ജം എന്നിങ്ങനെ ശ്രുതി ചേർക്കുന്നു. കുടം ആരംഭിക്കുന്ന ഭാഗത്ത് ഉറപ്പിച്ചിട്ടുള്ള 'നാഗപാശം' എന്നറിയപ്പെടുന്ന ഭാഗത്താണ് തന്ത്രികൾ വലിച്ചു മുറുക്കിക്കെട്ടിയിട്ടുള്ളത്. കമ്പികളുടെ മറ്റേ അറ്റം കുടത്തിനു മുകളിലുള്ള ബ്രിഡ്ജിലൂടെ കടന്ന് ദണ്ഡിയുടെ അറ്റത്തുള്ള ബരഡകളിൽ ബന്ധിച്ചിരിക്കുന്നു. കമ്പികളിൽ കോർത്തിട്ടുള്ള ചെറിയ മണിക്കായകൾ ഉപയോഗിച്ച് ചെറിയ ശ്രുതിവ്യത്യാസം വരുത്താവുന്നതാണ്.




തംബുരു

**6. ജീവാളി**

ബ്രിഡ്ജിന്റെ മുകളിലായി മുറുകി നിൽക്കുന്ന കമ്പികൾക്കും കുടത്തിനും ഇടയിലായി പട്ടിന്റേയോ പരുത്തിയുടേയോ നൂൽതുണ്ടുകൾ വയ്ക്കാറുണ്ട്. ഇവ ജീവാളി എന്ന് പേരിലറിയപ്പെടുന്നു. തംബുരുവിന്റെ നാദത്തിന് ദൈർഘ്യം ലഭിക്കുന്നതിനുവേണ്ടിയാണ് ജീവാളി ഉപയോഗിക്കുന്നത്.

തഞ്ചാവൂർ, മൈസൂർ, ലക്നൗ, ചെന്നൈ തുടങ്ങിയ പ്രദേശങ്ങൾ തംബുരു നിർമാണത്തിന് പേര് കേട്ട സ്ഥലങ്ങളാണ്. സാധാരണ തംബുരു കൂടാതെ ഇലക്ട്രോണിക് തംബുരുവും ഇപ്പോൾ വ്യാപകമായി ഉപയോഗിച്ചു വരുന്നു.

**ഓർമ്മിക്കുക**

- *തംബുരുവിന്റെ ഭാഗങ്ങൾ*

**പ്രവർത്തനം**

- *കർണാടക സംഗീതത്തിലെ പ്രാഥമിക പാഠങ്ങൾ ഒരു തംബുരുവിന്റെ സഹായത്തോടെ പാടി പരിശീലിക്കുക. .*

**മൂല്യനിർണയം**

1. സംഗീതോപകരണങ്ങൾ പൊതുവെ 3 ആയി വർഗീകരിക്കപ്പെട്ടിരിക്കുന്നു. അവയുടെ പേരെഴുതുക. 1
2. സംഗീതോപകരണങ്ങളുടെ വർഗീകരണം എന്നാൽ എന്ത്? 1
3. സുഷിരവാദ്യങ്ങളുടെ പ്രധാന വിഭാഗങ്ങൾ ഏവ? 1
4. നാദം ലഭിക്കുന്നതിനു വേണ്ടി തംബുരുവിൽ ഉപയോഗിക്കുന്ന പട്ട് നൂൽ--------------------- എന്നറിയപ്പെടുന്നു. 1
5. ശ്രുതിചേർക്കാവുന്ന ഒരു താളവാദ്യം 1
6. ദക്ഷിണേന്ത്യൻ സംഗീതകച്ചേരികളിൽ ഉപയോഗിക്കുന്ന ഒരു മീട്ട് വാദ്യം 1
7. രണ്ട് ശ്രുതിവാദ്യങ്ങളുടെ പേരെഴുതുക. 1
8. കച്ചേരികളിലും ക്ഷേത്ര സംഗീതത്തിലും ഉപയോഗിക്കുന്ന വാദ്യങ്ങളുടെ പേരെഴുതുക 2
9. തന്ത്രിവാദ്യങ്ങളെ ഉദാഹരണ സഹിതം വർഗീകരിക്കുക. 2
10. വില്ല് വാദ്യങ്ങളേയും മീട്ട് വാദ്യങ്ങളേയും കുറിച്ച് കുറിപ്പെഴുതുക. 3

11. താളവാദ്യങ്ങളുടെ വർഗീകരണം വിശദമായി പ്രതിപാദിക്കുക. 3

12. കർണ്ണാടക സംഗീതകച്ചേരികളിൽ ഉപയോഗിക്കുന്ന അകമ്പടി വാദ്യങ്ങളെക്കുറിച്ച് വിശദമാക്കുക. 3

13. **ചേരുംപടി ചേർക്കുക.** 5

| | | | |
|---|---|---|---|
| (a) | തതവാദ്യം | – | കാറ്റ്‌വാദ്യം |
| (b) | സുഷിരവാദ്യം | – | മൃദംഗം |
| (c) | അവനദ്ധം | – | ശ്രുതി |
| (d) | താളവാദ്യം | – | തന്ത്രിവാദ്യം |
| (c) | തംബുരു | – | ചർമവാദ്യം |

14. ഒരു രേഖാചിത്രത്തിന്റെ സഹായത്തോടെ തംബുരുവിന്റെ ഭാഗങ്ങൾ വിശദമാക്കുക 5

## റഫറൻസ്


1. സൗത്ത് ഇന്ത്യൻ മ്യൂസിക് – പ്രൊഫ. എ. സാംബമൂർത്തി
2. സ്പ്ലെൻഡർ ഓഫ് സൗത്ത് ഇന്ത്യൻ മ്യൂസിക് – ഡോ. ചെല്ലദുരൈ
3. ദക്ഷിണേന്ത്യൻ സംഗീതം – ശ്രീ.എ.കെ. രവീന്ദ്രനാഥ്
4. സംഗീതശാസ്ത്രം – ഡോ. കെ. ഓമനക്കുട്ടി& ശ്രീമതി. എസ്. ശാരദ
5. തിയറി ഓഫ് ഇന്ത്യൻ മ്യൂസിക് – മിസ്. എൽ. ഐസക്
6. സംഗീത നിഘണ്ടു – ഡോ. വി.ടി. സുനിൽ

# യൂണിറ്റ് - 5
# സംഗീതക്കച്ചേരി

I6H2F3



## പഠനനേട്ടങ്ങൾ

- കച്ചേരിയുടെ ആവിർഭാവത്തെക്കുറിച്ച് അറിവു നേടുന്നു.
- കച്ചേരിയുടെ ഘടന മനസ്സിലാക്കുന്നു.
- കച്ചേരിയിൽ ഉപയോഗിക്കുന്ന ഗാനരൂപങ്ങൾ മനസ്സിലാക്കുന്നു.
- സംഗീതക്കച്ചേരിയിൽ ഉപയോഗിക്കുന്ന വാദ്യങ്ങൾ തിരിച്ചറിയുന്നു.
- വായ്പാട്ടു കച്ചേരിയുടെയും വാദ്യകക്കച്ചേരിയുടെയും വിവിധ ഘടകങ്ങൾ മനസ്സിലാക്കുന്നു.

## പ്രധാനാശയങ്ങൾ

- കച്ചേരിയുടെ നിർവചനം
- കച്ചേരിയുടെ വർഗീകരണം
- വായ്പാട്ടു കച്ചേരി
- വാദ്യ കച്ചേരി
- കച്ചേരിയുടെ ഘടന
- കച്ചേരിയിലുപയോഗിക്കുന്ന ഗാനരൂപങ്ങൾ
- കച്ചേരിയിലുപയോഗിക്കുന്ന വാദ്യങ്ങൾ

## 5.1 ആമുഖം

ഇന്ത്യയിൽ സംഗീത കച്ചേരി രൂപപ്പെട്ടത് വേദകാലത്താണെന്ന് കരുതപ്പെടുന്നു. വിവിധ സംഗീത - നൃത്തരൂപങ്ങൾ ഭാരതീയ ജനതയുടെ സാംസ്കാരിക - സാമൂഹിക - വൈകാരിക - ബൗദ്ധിക - ആദ്ധ്യാത്മിക മണ്ഡലങ്ങൾ സമ്പന്നമാക്കുന്നതിൽ സുപ്രധാന പങ്കു വഹിച്ചിട്ടുണ്ട്. പ്രാചീനകാലം മുതൽ ക്ഷേത്ര പരിസര വേദികളിൽ സംഗീത കച്ചേരികളും നൃത്ത കച്ചേരികളും അവതരിപ്പിച്ചിരുന്നു. അമരാവതിയിലും സാഞ്ചിയിലും കാണപ്പെട്ട ബുദ്ധശില്പങ്ങൾ സംഗീത - നൃത്തകച്ചേരികൾ ബി.സി. ഒന്നാം നൂറ്റാണ്ടു മുതൽക്കേ ഭാരതത്തിൽ പ്രചാരത്തിലുണ്ടായിരുന്നുവെന്നതിന് സാക്ഷ്യം നൽകുന്നവയാണ്.

പുരാണങ്ങളിലും ഇതിഹാസങ്ങളിലും വേണ്ടത്ര പരിജ്ഞാനം ലഭിക്കാത്തവരെ പ്രബുദ്ധരാക്കുന്നതിനുവേണ്ടി പ്രഭാഷണങ്ങളും ഈ കാലഘട്ടത്തിൽ നടത്തപ്പെട്ടിരുന്നു. ഇവ കാലക്ഷേപം എന്നറിയപ്പെട്ടു. പിന്നീട് ആരാധനയുടെ മറ്റൊരു മാധ്യമമായ 'ഭജന സംഗീതം' തെക്കെ ഇന്ത്യയിലും 'കീർത്തൻ' വടക്കേ ഇന്ത്യയിലും പ്രചാരം നേടി. ഗായകൻ സമൂഹവുമായി ചേർന്ന് കീർത്തനങ്ങൾ ആലപിക്കുന്ന ഒരു സമ്പ്രദായമാണിത്.

**ഓർമ്മിക്കുക**

- *സംഗീത – നൃത്ത കച്ചേരികളുടെ തെളിവുകൾ കണ്ടെത്തിയ സ്ഥലങ്ങൾ.*

ഭാരതത്തിലെ വിവിധ കച്ചേരി സമ്പ്രദായങ്ങൾ ചുവടെ ചേർക്കുന്നു.

1. സംഗീത കച്ചേരി
   (എ) വായ്പാട്ടു കച്ചേരി
   (ബി) വാദ്യക്കച്ചേരി
2. നൃത്തക്കച്ചേരി
3. കാലക്ഷേപം
4. ഭജന
5. കദംബക്കച്ചേരി
6. ഗാനനാടകം

ഇവയിലെല്ലാം പൊതുവായ അടിസ്ഥാന ഘടകം സംഗീതമാണ്. ശുദ്ധവും ലളിതവുമായ സംഗീതമാണ് സംഗീതക്കച്ചേരിയിലുണ്ടാവുക. നൃത്തക്കച്ചേരി യിൽ നർത്തകൻ വിവിധ ഗാനങ്ങളുടെ ആശയം അഭിനയത്തിലൂടെയും മുദ്രക ളിലൂടെയും വ്യാഖ്യാനിക്കുന്നു. വിവിധ കലാരൂപങ്ങളുടെ അംശങ്ങൾ കോർത്തി ണക്കിയാണ് കദംബകച്ചേരി അവതരിപ്പിക്കുന്നത്. ഗാനനാടകങ്ങളിൽ അവശ്യ സന്ദർങ്ങളിൽ സംഗീതം ഉപയോഗിക്കുന്നു.

വാദ്യങ്ങളുടെ അകമ്പടിയോടു കൂടിയ സംഗീത പരിപാടി എന്നാണ് കച്ചേരി എന്നതുകൊണ്ടുദ്ദേശിക്കുന്നത്. തമിഴിൽ 'വിനിദൈ' എന്ന പദം കച്ചേരിയെ സൂചിപ്പിക്കുന്നു.

**ഓർമ്മിക്കുക**

- *ഭാരതത്തിൽ നിലവിലുള്ള വിവിധ കച്ചേരി സമ്പ്രദായങ്ങൾ*

**പ്രവർത്തനം**

- *പ്രമുഖ സംഗീതജ്ഞരുടെയും നർത്തകരുടേയും ചിത്രങ്ങൾ ശേഖരിക്കുക.*

## 5.2 വായ്പ്പാട്ടു കച്ചേരി

വായ്പ്പാട്ടു കച്ചേരിയിൽ ഒരു പ്രധാന ഗായകനുണ്ടാകും. മൃദംഗവിദ്വാനും വയ ലിൻ വിദ്വാനും ചേർന്ന് മുഖ്യഗായകന് പക്കമേളമൊരുക്കുന്നു.

ഗഞ്ചിറ, ഘടം, മുഖർശംഖ്, തംബുരു എന്നിവ വായിക്കുന്ന വാദകരുമുണ്ടാകും.

കച്ചേരി അവതരിപ്പിക്കുന്ന കലാകാരന്മാർ പാലിക്കേണ്ട ചില ധർമ്മങ്ങളുണ്ട്. കച്ചേരിയുടെ ഭാഗമാണ് തങ്ങളെന്ന ബോധത്തോടെ മികവുറ്റ രീതിയിൽ തങ്ങളുടെ കഴിവു പ്രകടിപ്പിക്കുവാൻ ഓരോ കലാകാരനും ശ്രമിക്കണം. മുഖ്യഗായകന് കലയോടെന്നപോലെ ശ്രോതാക്കളോടും പക്കമേളക്കാരോടും കരുതലുണ്ടായിരിക്കണം. സ്വന്തം കഴിവുകൾ വേറിട്ടു പ്രകടിപ്പിക്കാൻ പക്കമേളക്കാർക്ക് അവസരമൊരുക്കണം.

ഗായകന്റെ കഴിവുകൾക്ക് മിഴിവേകുവാൻ പക്കമേളക്കാരും ശ്രദ്ധിക്കണം. പ്രധാന ഗായകന്റെ ആലാപനത്തെ പിൻതുടർന്ന് വായിക്കുകയും അദ്ദേഹത്തെ പിന്തുണയ്ക്കുകയും ചെയ്യേണ്ടത് വയലിൻ വിദ്വാന്റെ കടമയാണ്. താളം, ലയം എന്നിവയെക്കുറിച്ച് അന്തർജ്ഞാനമുള്ള വ്യക്തിയായിരിക്കണം. മൃദംഗ വിദ്വാൻ. ഉപതാളവാദ്യങ്ങൾ പ്രധാനതാളവാദ്യവുമായ മൃദംഗത്തെ പിൻതുടർന്ന് വായിക്കേണ്ടതാണ്. ശ്രുതിയെക്കുറിച്ച് നല്ല പരിജ്ഞാനമുള്ള വ്യക്തിയായിരിക്കണം തംബുരു മീട്ടേണ്ടത്.

കച്ചേരിയിൽ തംബുരു മീട്ടുന്ന വ്യക്തി മുഖ്യഗായകന്റെ പിന്നിലും വയലിൻ വിദ്വാൻ ഇടതുഭാഗത്തും മൃദംഗ വിദ്വാൻ വലതുഭാഗത്തുമാണ് ഇരിക്കേണ്ടത്. ഉപതാളവാദകർ ഗായകന്റെ വലതുഭാഗത്തായി മൃദംഗവിദ്വാന്റെ പിന്നിലായി ഇരിക്കണം.

## 5.3 വാദ്യക്കച്ചേരി

വാദ്യക്കച്ചേരിയിൽ വയലിൻ, വീണ, ഓടക്കുഴൽ, നാഗസ്വരം, ഗോട്ടുവാദ്യം മുതലായവ പ്രധാന വാദ്യങ്ങൾ വായിക്കുന്നവരും അകമ്പടിവാദ്യ വാദകരും ഉപതാള വാദകരും ഉണ്ടാകും. വയലിൻ കച്ചേരിയിൽ ശ്രുതിവാദ്യമായ തംബുരുവും പ്രധാനതാളവാദ്യമായ മൃദംഗവും ഉപതാളവാദ്യങ്ങളായ ഘടം, ഗഞ്ചിറ, മുഖർശംഖ് എന്നിവ വായിക്കുന്ന വാദകരുമുണ്ടാകും.



വീണ, ഗോട്ടുവാദ്യം തുടങ്ങിയ വാദ്യങ്ങൾക്ക് മൃദംഗവും ഉപതാളവാദ്യങ്ങളും അകമ്പടിയായി ഉപയോഗിക്കുന്നു. തംബുരുവും മൃദംഗവുമാണ് ഓടക്കുഴൽ കച്ചേരിയുടെ പക്കവാദ്യങ്ങൾ. നാഗസ്വരത്തിന് തവിൽ, ജാലറ, ഒത്ത് എന്നിവയാണ് പക്കമേളമായി ഉപയോഗിക്കുന്നത്.



## 5.4 സംഗീതക്കച്ചേരിയുടെ ഘടന



സംഗീതക്കച്ചേരിക്ക് രണ്ട് ഭാഗങ്ങളാണുള്ളത്. ആദ്യ പകുതിയിൽ മനോധർമ്മ സംഗീതത്തിനാണ് (രാഗാലാപനം, താനം, പല്ലവി, നിരവൽ, കല്പനസ്വരം) കൂടുതൽ പ്രാധാന്യം. പദം, ജാവലി, തില്ലാന തുടങ്ങിയ ലളിതമായ ഗാനരൂപങ്ങൾ രണ്ടാം പകുതിയിൽ ആലപിക്കുന്നു.

സാധാരണയായി ആദിതാളത്തിലോ അടതാളത്തിലോ ചിട്ടപ്പെടുത്തിയ വർണ്ണത്തോടെയാണ് കച്ചേരി ആരംഭിക്കുക. തുടർന്ന് വിഘ്നേശ്വര സ്തുതിയും രാഗാലാപനം, നിരവൽ, കൽപ്പനസ്വരം, എന്നിവയോടു കൂടി കൃതികളും ആലപിക്കുന്നു. പ്രധാന കൃതിക്ക് അല്ലെങ്കിൽ രാഗം - താനം പല്ലവിക്കുശേഷം മൃദംഗവിദ്വാന്റെയും ഉപതാളവാദകരുടേയും പ്രാഗൽഭ്യം തെളിയിക്കുന്ന തനിയാവർത്തനത്തോടെ ഒന്നാംഭാഗം പൂർണ്ണമാകുന്നു. രണ്ടാംഭാഗത്ത് പദം, ജാവലി, തില്ലാന, തുടങ്ങിയ ഗാനരൂപങ്ങൾ ആലപിച്ചതിനുശേഷം മംഗളം പാടി കച്ചേരി അവസാനിപ്പിക്കുന്നു. വായ്പാട്ടു കച്ചേരിക്കും വാദ്യക്കച്ചേരിക്കും ഒരേ ഘടനയാണുള്ളത്.

**ഓർമ്മിക്കുക**

- *സംഗീതക്കച്ചേരിയുടെ ഘടന*
- *കച്ചേരിയിൽ ഉപയോഗിക്കുന്ന ഗാനരൂപങ്ങൾ*

**പ്രവർത്തനം**

- *വാദ്യക്കച്ചേരികൾ കേൾക്കുക*

## മൂല്യനിർണയം

1. കർണ്ണാടക സംഗീതക്കച്ചേരിയിലെ പ്രധാന താളവാദ്യം. 1
2. കർണ്ണാടക സംഗീതക്കച്ചേരിയിൽ ഉപയോഗിക്കുന്ന രണ്ട് ഉപതാള വാദ്യങ്ങൾ 1
3. സംഗീതക്കച്ചേരിയിൽ അകമ്പടി വാദ്യമായി ഉപയോഗിക്കുന്ന ഒരു തന്ത്രിവാദ്യം 1
4. വിവിധ സംഗീതക്കച്ചേരികൾ ഏവ? 2
5. വായ്പ്പാട്ടു കച്ചേരിയിൽ ആലപിക്കുന്ന ഗാനരൂപങ്ങൾ ഏവ? 2
6. വിവിധ വാദ്യക്കച്ചേരികളെക്കുറിച്ച് ലഘു കുറിപ്പ് തയാറാക്കുക. 3
7. കച്ചേരിയിൽ ഗായകരും വാദകരും അനുഷ്ഠിക്കേണ്ട ധർമ്മങ്ങൾ ഏവ? 3
8. സംഗീതക്കച്ചേരിയുടെ ഘടന വിവരിക്കുക. 5
9. വായ്പ്പാട്ടു കച്ചേരിയെക്കുറിച്ച് വിശദമായ കുറിപ്പ് തയാറാക്കുക? 5
10. **ചേരുംപടി ചേർക്കുക.** 5

| | | |
|---|---|---|
| (a) തനിയാവർത്തനം | - | പ്രാരംഭം |
| (b) മംഗളം | - | ഉപതാള വാദ്യം |
| (c) വർണ്ണം | - | താളവാദ്യങ്ങൾ |
| (d) മൃദംഗം | - | ഉപസംഹാരം |
| (e) ഘടം | - | പ്രധാന താളവാദ്യം |

## റഫറൻസ്

1. സൗത്ത് ഇന്ത്യൻ മ്യൂസിക് – പ്രൊഫ. എ. സാംബമൂർത്തി
2. സ്പ്ലെൻഡർ ഓഫ് സൗത്ത് ഇന്ത്യൻ മ്യൂസിക് – ഡോ. ചെല്ലദുരൈ
3. ദക്ഷിണേന്ത്യൻ സംഗീതം – ശ്രീ. എ. കെ. രവീന്ദ്രനാഥ്
4. സംഗീത ശാസ്ത്രം – ഡോ. കെ. ഓമനക്കുട്ടി& ശ്രീമതി. എസ്. ശാരദ
5. തിയറി ഓഫ് ഇന്ത്യൻ മ്യൂസിക് – മിസ്. എൽ. ഐസക്

# യൂണിറ്റ് - 6

# വാഗ്ഗേയകാരന്മാർ

C4I9E3

## (1) ത്യാഗരാജൻ (1767-1847)



### പഠനനേട്ടങ്ങൾ

- ത്യാഗരാജസ്വാമിയുടെ ജീവചരിത്രം, സംഗീത സംഭാവനകൾ എന്നിവ പരിചയപ്പെടുന്നു.
- ഘനരാഗ പഞ്ചരത്നം, തിരുവൊട്ടിയൂർ പഞ്ചരത്നം, ലാൽഗുഡി പഞ്ചരത്നം തുടങ്ങിയ സമുദായ കൃതികളെക്കുറിച്ച് അറിവു നേടുന്നു.
- ത്യാഗരാജൻ ചിട്ടപ്പെടുത്തിയ സംഗീത നാടകങ്ങൾ പരിചയപ്പെടുന്നു.

**പ്രധാനാശയങ്ങൾ**

- കർണാടക സംഗീത ത്രിമൂർത്തികൾ
- ത്യാഗരാജന്റെ ബാല്യവും വിദ്യാഭ്യാസവും
- ബഹുമുഖപ്രതിഭ
- സംഗീത സംഭാവനകൾ
- സമുദായ കൃതികൾ
- പ്രമുഖ ശിഷ്യർ

## 6.1 ആമുഖം

കർണാടക സംഗീതത്തെ സംബന്ധിച്ചിടത്തോളം 18, 19 നൂറ്റാണ്ടുകൾ വളരെ ശ്രദ്ധേയമായ കാലഘട്ടമായി വിലയിരുത്തപ്പെടുന്നു. കർണ്ണാടക സംഗീതത്തിലെ വാഗ്ഗേയകാരന്മാരിൽ എക്കാലത്തെയും പ്രഗൽഭരും സംഗീത ത്രിമൂർത്തികൾ എന്നു വിശേഷിപ്പിക്കപ്പെടുന്നവരുമായ ത്യാഗരാജൻ, (1767 - 1847) മുത്തുസ്വാമി ദീക്ഷിതർ, (1775 - 1835), ശ്യാമശാസ്ത്രി (1762 - 1827) എന്നിവർ ജീവിച്ചതും തങ്ങളുടെ രചനകൾ കൊണ്ട് ദക്ഷിണേന്ത്യൻ സംഗീതത്തിന് പുതിയൊരു ദിശാബോധം നൽകിയതും ഇക്കാലയളവിലാണ്. കർണാടക സംഗീതത്തിന്റെ സുവർണ്ണകാലം എന്ന് ഈ കാലഘട്ടം വിശേഷിപ്പിക്കപ്പെടുന്നു.

## 6.2 ബാല്യം

ഭാരതീയ സംഗീത ചരിത്രത്തിലെ മഹത്തായ നാമങ്ങളിലൊന്നാണ് ത്യാഗരാജൻ. 18-ാം നൂറ്റാണ്ടിൽ ജീവിച്ച ഇദ്ദേഹത്തിന്റെ കൃതികളും മറ്റ് രചനകളും ദക്ഷിണേന്ത്യൻ ജനതയുടെ ജീവിത ഗതികളെ നിർണ്ണായകമായി സ്വാധീനിച്ചവയാണ്.

കർണ്ണാടക സംഗീത ത്രിമൂർത്തികളിൽ മുഖ്യനായ ത്യാഗരാജൻ, തിരുവാരൂരിൽ ജീവിച്ചിരുന്ന രാമബ്രഹ്മത്തിന്റെയും സീതമ്മയുടേയും മൂന്നാമത്തെ പുത്രനായിരുന്നു. ഗിരിരാജകവിയായിരുന്നു ഇദ്ദേഹത്തിന്റെ പിതാമഹൻ. ത്യാഗരാജന്റെ ജനനശേഷം രാമബ്രഹ്മം തഞ്ചാവൂരിനടുത്ത് തിരുവയ്യാറിൽ താമസമാക്കി. സംഗീതം, സംസ്കൃതം, നാടകം, സാഹിത്യം, പുരാണം, വേദാന്തം എന്നിവയിലെല്ലാം വളരെ ചെറുപ്പത്തിൽ തന്നെ ത്യാഗരാജൻ വിദഗ്ധ പരിശീലനം നേടി. തഞ്ചാവൂർ രാജസദസ്സിലെ ആസ്ഥാനവിദ്വാനായ സോണ്ടി വെങ്കട രമണയ്യയുടെ കീഴിലായിരുന്നു ഇദ്ദേഹം സംഗീതം അഭ്യസിച്ചത്.

## 6.3 സംഗീത വിദ്യാഭ്യാസം

ബാല്യം മുതൽക്കേ ശ്രീരാമഭക്തനായിരുന്ന ത്യാഗരാജൻ പൂജകളർപ്പിച്ചും സ്തുതി ഗീതങ്ങൾ ആലപിച്ചും രാമന്റെ സുവർണ്ണ വിഗ്രഹം ആരാധിക്കുന്നത് പതിവായിരുന്നു. സന്യാസി രൂപത്തിൽ നാരദർ ത്യാഗരാജനെ സന്ദർശിച്ച് സ്വരാർണ്ണവം എന്ന സംഗീതഗ്രന്ഥം സമ്മാനിച്ചതായി വിശ്വസിക്കപ്പെടുന്നു. 'ശങ്കരാഭരണത്തിൽ' ചിട്ടപ്പെടുത്തിയ 'സ്വരരാഗസുധാരസ' എന്ന തന്റെ കൃതി

യിൽ ഇതേക്കുറിച്ച് ത്യാഗരാജൻ പരാമർശിച്ചിട്ടുണ്ട്. കൃതികൾ അപൂർവ്വ രാഗങ്ങളിൽ ചിട്ടപ്പെടുത്തുന്നതിന് ഈ ഗ്രന്ഥം അദ്ദേഹത്തിന് സഹായകമായി എന്ന് വിശ്വസിക്കപ്പെടുന്നു.

വളരെ ലളിതമായ ഒരു ജീവിതം നയിച്ചിരുന്ന ത്യാഗരാജൻ പണമോ സ്ഥാനമാനങ്ങളോ ആഗ്രഹിച്ചിരുന്നില്ല. രാജാക്കന്മാരെയും പ്രഭുക്കന്മാരേയും സ്തുതിച്ച് പാടുന്നതിന് വിസമ്മതിച്ച അദ്ദേഹം ശ്രീരാമസ്തുതികൾ പാടുന്നതിലായിരുന്നു ആനന്ദം കണ്ടെത്തിയിരുന്നത്.

തിരുപ്പതി, ശ്രീരംഗം, തിരുവൊട്ടിയൂർ, ലാൽഗുഡി, കോവൂർ എന്നിവിടങ്ങളിലെ ക്ഷേത്രങ്ങളിൽ ത്യാഗരാജൻ ദർശനം നടത്തുകയും അവിടുത്തെ ദേവന്മാരെക്കുറിച്ച് കൃതികൾ രചിക്കുകയും ചെയ്തു. തിരുപ്പതിയിലേക്കുള്ള യാത്രയിൽ കവർച്ചക്കാരുടെ ഒരു സംഘം അദ്ദേഹത്തെ ആക്രമിച്ചപ്പോൾ 'ദർബാർ' രാഗത്തിൽ 'മുണ്ടുവെനക' എന്ന കൃതി രചിച്ചു പാടുകയും കവർച്ചക്കാരിൽ നിന്ന് അത്ഭുതകരമായി രക്ഷപ്പെടുകയും ചെയ്തതായി പറയപ്പെടുന്നു.

കൃതി എന്ന ഗാനരൂപത്തിന്റെ ഏറ്റവും മികച്ച ഉദാഹരണങ്ങളാണ് ത്യാഗരാജകൃതികൾ. ഏകദേശം 2400 കൃതികൾ അദ്ദേഹം ചിട്ടപ്പെടുത്തിയിട്ടുണ്ട്. ആശയപുഷ്ടിയിലും രാഗരസത്തിലും മികവുറ്റവയാണ് ഇവ. കൃതികളിൽ 'സംഗതി' എന്ന അലങ്കാരം അവതരിപ്പിച്ചത് ത്യാഗരാജനാണ്. മിക്കവാറും എല്ലാ മേളകർത്താരാഗങ്ങളിലും ജന്യരാഗങ്ങളിലും ദിലീപകം, ദേവാമൃതവർഷിണി, നഭോമണി, ഗംഭീരവാണി, സാരമതി തുടങ്ങിയ അപൂർവ്വ രാഗങ്ങളിലും അദ്ദേഹം കൃതികൾ രചിച്ചു.

**ഓർമ്മിക്കുക**

- *ത്യാഗരാജസ്വാമിയുടെ ബാല്യവും വിദ്യാഭ്യാസവും*

**പ്രവർത്തനം**

- *ഏതാനും ത്യാഗരാജകൃതികൾ ശേഖരിക്കുക*

## 6.4 കൃതികൾ

കൃതികൾ കൂടാതെ ഭജനകീർത്തനങ്ങളും സംഗീതനാടകങ്ങളും സമുദായകൃതികളും അദ്ദേഹം രചിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ മറ്റ് കൃതികൾ താഴെ കൊടുത്തിരിക്കുന്നു.

1. ദിവ്യ നാമാവലി
2. ഉത്സവ സമ്പ്രദായ കീർത്തനങ്ങൾ
3. രാഗരത്നമാലിക
4. പ്രഹ്ളാദഭക്തി വിജയം (സംഗീത നാടകം)
5. സീതാരാമ വിജയം (സംഗീത നാടകം)
6. ലാൽഗുഡി പഞ്ചരത്നം
7. കോവൂർ പഞ്ചരത്നം
8. തിരുവൊട്ടിയൂർ പഞ്ചരത്നം
9. ഘനരാഗ പഞ്ചരത്നം
10. നൗക ചരിത്രം (സംഗീത നാടകം)

### ഓർമ്മിക്കുക

- *ത്യാഗരാജന്റെ സമുദായ കൃതികൾ*

### പ്രവർത്തനം

- *ത്യാഗരാജൻ രചിച്ച ഏതാനും സമുദായകൃതികൾ ശേഖരിക്കുക*

ഘനരാഗ പഞ്ചരത്നമാണ് ത്യാഗരാജന്റെ സമുദായ കൃതികളിൽ ഏറ്റവും പ്രസിദ്ധമായത്. ഇവ നാട്ട, ഗൗള, ആരഭി, വരാളി, ശ്രീ എന്നീ ഘനരാഗങ്ങളിലാണ് ചിട്ടപ്പെടുത്തിയിരിക്കുന്നത്.

*പട്ടിക :6-1-1*

| കൃതി | രാഗം | താളം | ഭാഷ |
|---|---|---|---|
| ജഗദാനന്ദകാരക | നാട്ട | ആദി | സംസ്കൃതം |
| ദുഡുകുഗല | ഗൗള | ആദി | തെലുങ്ക് |
| സാധിംചനേ | ആരഭി | ആദി | തെലുങ്ക് |
| കനകനരുചിര | വരാളി | ആദി | തെലുങ്ക് |
| എന്തരോ മഹാനുഭാവുലു | ശ്രീരാഗം | ആദി | തെലുങ്ക് |

### ഓർമ്മിക്കുക

- *ത്യാഗരാജസ്വാമിയുടെ സമുദായ കൃതികൾ*
- *പഞ്ചരത്ന കൃതികളിൽ ഉപയോഗിച്ചിട്ടുള്ള രാഗങ്ങളും താളങ്ങളും*

### പ്രവർത്തനം

- *ത്യാഗരാജന്റെ സമുദായ കൃതികളുടെ ഒരു ചാർട്ടു തയാറാക്കുക.*

ലളിതമായ ഗാനഘടനയിൽ ത്യാഗരാജൻ ചിട്ടപ്പെടുത്തിയ ഉത്സവസമ്പ്രദായ കീർത്തനങ്ങളും ദിവ്യനാമകീർത്തനങ്ങളും ആഘോഷങ്ങളിലും ഭജനകളിലും പാടുന്നതിന് അനുയോജ്യമായവയാണ്. ഇവ കീർത്തനങ്ങളുടെ സമുച്ചയമാണ്. ത്യാഗരാജന്റെ പ്രസിദ്ധ സംഗീതനാടകങ്ങളാണ്, നൗകചരിത്രം, പ്രഹ്ളാദഭക്തി വിജയം, സീതാരാമവിജയം തുടങ്ങിയവ.

ദേശാദി - മധ്യാദി താളങ്ങളിൽ ത്യാഗരാജൻ ധാരാളം കൃതികൾ ചിട്ടപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹത്തിന്റെ കൃതികളെ മുന്തിരിപ്പഴത്തോടാണ് ഉപമിക്കു

ന്നത്. എല്ലാ കൃതികളിലും 'ത്യാഗരാജ' എന്ന മുദ്രയാണദ്ദേഹം ഉപയോഗിച്ചിരിക്കുന്നത്.

വാല്മീകിയുടെ അവതാരം എന്നു വിശേഷിപ്പിക്കപ്പെടുന്ന ത്യാഗരാജസ്വാമികൾ രാമായണത്തെ ആസ്പദമാക്കി 2400 കൃതികൾ രചിച്ചതായി പറയപ്പെടുന്നു. മാതൃഭാഷയായ തെലുങ്ക് ഭാഷയിലാണ് അദ്ദേഹം ഭൂരിപക്ഷം കൃതികളും രചിച്ചിരിക്കുന്നത്.

വീണകുപ്പയ്യർ, മാനമ്പുച്ചാവടി വെങ്കിട സുബ്ബയ്യർ, ലാൽഗുഡി രാമ അയ്യർ, വാലജ്പെട്ട് വെങ്കിട രാമഭാഗവതർ തുടങ്ങിയവർ ത്യാഗരാജ ശിഷ്യന്മാരായിരുന്നു.

**ഓർമ്മിക്കുക**

- *ത്യാഗരാജന്റെ സംഗീത നാടകങ്ങൾ*
- *ത്യാഗരാജ ശിഷ്യർ*

**പ്രവർത്തനം**

- *ത്യാഗരാജസ്വാമിയുടെ പ്രശസ്ത കൃതികളുടെ ചാർട്ടു തയാറാക്കുക.*
- *ത്യാഗരാജസ്വാമിയുടെ സംഗീത സംഭാവനകളെക്കുറിച്ച് ഒരു പവർപോയിന്റ് അവതരണം നടത്തുക.*

## (2) മുത്തുസ്വാമി ദീക്ഷിതർ (1775-1835)



### പഠനനേട്ടങ്ങൾ

- മുത്തുസ്വാമി ദീക്ഷിതരുടെ ജീവിതവും സംഗീത സംഭാവനകളും പരിചയപ്പെടുന്നു.
- സമുദായ കൃതികളായ നവാവരണം, നവഗ്രഹകൃതികൾ, പഞ്ചലിംഗസ്ഥലകൃതികൾ എന്നിവയെക്കുറിച്ച് മനസ്സിലാക്കുന്നു.
- ദീക്ഷിതർ കൃതികളിലെ മുദ്രകൾ, കൃതികളുടെ പ്രത്യേകതകൾ തുടങ്ങിയവ തിരിച്ചറിയുന്നു.

### പ്രധാനാശയങ്ങൾ

- ദീക്ഷിതരുടെ ബാല്യം, വിദ്യാഭ്യാസം
- അദ്ദേഹത്തെ സംഗീത ലോകത്തേക്കു നയിച്ച വ്യക്തികൾ.
- ബഹുമുഖപ്രതിഭ
- സംഗീത സംഭാവനകൾ
- കൃതികളിലെ ആലങ്കാരിക പ്രയോഗങ്ങൾ
- സമുദായ കൃതികൾ

## 6.2.1 ആമുഖം

കർണാടക സംഗീതത്രയത്തിലെ ഇളമുറക്കാരനായ മുത്തുസ്വാമി ദീക്ഷിതർ 1775 ൽ തിരുവാരൂരിൽ ജനിച്ചു. പ്രശസ്ത സംഗീതജ്ഞനായിരുന്ന രാമസ്വാമി ദീക്ഷിതരുടെയും സുബ്ബമ്മാളിന്റെയും സീമന്ത പുത്രനായിരുന്നു ഇദ്ദേഹം. വെങ്കിടേശ്വരൻ കോവിലിലെ മുത്തുകുമാരസ്വാമിയുടെ ഭക്തരായിരുന്ന മാതാപിതാക്കൾ കോവിലിലെ മുഖ്യദേവന്റെ പേരു തന്നെ ഇദ്ദേഹത്തിനു നൽകി. ദീക്ഷിതരുടെ സഹോദരങ്ങളും പ്രശസ്ത സംഗീതജ്ഞരായിരുന്നു.

മാതാവിൽ നിന്നും കാവ്യം, നാടകം, അലങ്കാരം എന്നീ വിഷയങ്ങളിൽ അവഗാഹം നേടിയ അദ്ദേഹം ജ്യോതിഷം, വൈദ്യം, മാന്ത്രികം തുടങ്ങിയ വിഷയങ്ങളിലും അഗാധമായ അറിവു നേടി. കലാസ്നേഹിയും സംഗീത പ്രേമിയുമായ മണലി മുത്തുകൃഷ്ണ മുതലിയാരുടെ അഭ്യർത്ഥന മാനിച്ച് അധികം വൈകാതെ ദീക്ഷിതർ കുടുംബം മണലിയിൽ താമസമാക്കി.

**ഓർമ്മിക്കുക**

- *ദീക്ഷിതരുടെ ബാല്യവും വിദ്യാഭ്യാസവും*
- *ദീക്ഷിതരെ സംഗീതലോകത്തേക്ക് നയിച്ച വ്യക്തികൾ*

### 6.2.2 ആദ്യകൃതി

മണലിയിൽ നിന്നും തിരുത്തണിയിലെത്തിയ ദീക്ഷിതർ ഏകദേശം രണ്ടുമാസം അവിടെ താമസിക്കുകയുണ്ടായി. ഇക്കാലത്താണ് 'ശ്രീനാഥാദിഗുരുഗുഹജയതി' (മായാമാളവഗൗള രാഗം) എന്ന തന്റെ ആദ്യകൃതി ഇദ്ദേഹം രചിക്കുന്നത്. ഏതാനും കൃതികൾ കൂടി രചിച്ച് ശിഷ്യരെ പഠിപ്പിച്ചതിനുശേഷം കാഞ്ചീപുരത്തെത്തിയ അദ്ദേഹം ഏകാംബരനാഥനെയും കാമാക്ഷി ദേവിയെയും സ്തുതിച്ച് കൃതികൾ രചിച്ചു.

പിന്നീട് ദീക്ഷിതർ തിരുവാരൂരിൽ മടങ്ങിയെത്തുകയും അവിടെ വച്ച് അദ്ദേഹത്തിന് തന്റെ മാതാപിതാക്കൾ നഷ്ടമാവുകയും ചെയ്തു. അദ്ദേഹത്തിന്റെ ഇളയ സഹോദരങ്ങളായ ചിന്നസ്വാമിയും ബാലുസ്വാമിയും മധുരയിലെത്തി അവിടെ താമസമാക്കി. ചിന്നസ്വാമിയുടെ മരണശേഷം എട്ടയപുരത്തെത്തിയ ബാലുസ്വാമി അവിടുത്തെ രാജസദസ്സിലെ ആസ്ഥാന വിദ്വാനായി അവരോധിക്കപ്പെടുകയും ചെയ്തു. ബാലുസ്വാമി എട്ടയപുരത്തുണ്ടെന്നറിഞ്ഞ ദീക്ഷിതർ സകുടുംബം എട്ടയപുരത്തെത്തി സഹോദരനോടൊപ്പം താമസമാക്കി.

### 6.2.3 അന്ത്യദിനങ്ങൾ

ദീക്ഷിതർ ഒരിക്കൽകൂടി തിരുവാരൂരിൽ എത്തുകയും കുറച്ചുകാലം അവിടെ താമസിക്കുകയുമുണ്ടായി. രാജകുടുംബത്തിലെ ഒരു വിവാഹത്തിൽ പങ്കെടുക്കുന്നതിന് അദ്ദേഹം എട്ടയപുരത്തേക്കു മടങ്ങി. തന്റെ അന്ത്യദിനങ്ങൾ അടുത്തുവെന്ന് അദ്ദേഹം മനസ്സിലാക്കിയിരുന്നു. ഇക്കാലത്താണ് 'മീനാക്ഷിമേമുദം' (പൂർവികല്യാണിരാഗം) എന്ന അനശ്വര കൃതി അദ്ദേഹം രചിക്കുന്നത്. ദീപാവലി ദിവസം മദ്ധ്യാഹ്ന പൂജകൾക്കുശേഷം ദീക്ഷിതരുടെ ആവശ്യപ്രകാരം ശിഷ്യർ "മീനാക്ഷി മേമുദം" എന്ന കൃതി ആലപിച്ചുകൊണ്ടിരിക്കുമ്പോൾ അദ്ദേഹം സമാധിയടഞ്ഞു.

**ഓർമ്മിക്കുക**

- *'മീനാക്ഷി മേമുദം' എന്ന കൃതിയുടെ പ്രാധാന്യം*

**പ്രവർത്തനം**

- *'മീനാക്ഷി മേമുദം' എന്ന കൃതിയുടെ ഓഡിയോ അവതരണം*

## 6.2.4 ദീക്ഷിതരുടെ സംഗീത സംഭാവനകൾ

ദീക്ഷിതർക്ക് വലിയൊരു ശിഷ്യസമ്പത്തുണ്ടായിരുന്നു. ഇവരിലൂടെയാണ് അദ്ദേഹത്തിന്റെ കൃതികൾ പ്രചരിച്ചത്. മുന്നൂറോളം കൃതികൾ ദീക്ഷിതർ ചിട്ടപ്പെടുത്തിയതായി കരുതപ്പെടുന്നു. ഇവയിൽ കൂടുതലും സംസ്കൃതത്തിലാണ് രചിക്കപ്പെട്ടിരിക്കുന്നത്. ഏതാനും കൃതികൾ മണിപ്രവാളഭാഷയിലും കാണപ്പെടുന്നു. പുരാണങ്ങളിലും വേദശാസ്ത്രങ്ങളിലും ജ്യോതിഷത്തിലുള്ള ഇദ്ദേഹത്തിന്റെ പാണ്ഡിത്യം കൃതികളിലെ ആശയങ്ങളിൽ പ്രതിഫലിച്ചു കാണാവുന്നതാണ്.

**ഓർമ്മിക്കുക**

- *ദീക്ഷിതരുടെ സംഗീത സംഭാവനകൾ*

**പ്രവർത്തനം**

- *ദീക്ഷിതർ കൃതികൾ ശേഖരിക്കുക.*

## 6.2.5 ദീക്ഷിതർ കൃതികളിൽ കാണപ്പെടുന്ന ധാതു - മാതു അലങ്കാര പ്രയോഗങ്ങൾ

അലങ്കാര പ്രയോഗങ്ങളാൽ സമ്പന്നമാണ് ദീക്ഷിതർ കൃതികൾ. മധ്യമകാല സാഹിത്യം, യതി മാതൃകകൾ സ്വരാക്ഷര പ്രയോഗങ്ങൾ, അന്ത്യപ്രാസം, അനുപ്രാസം എന്നീ അലങ്കാര വിശേഷങ്ങളെല്ലാം ദീക്ഷിതർ കൃതികളിൽ കാണപ്പെടുന്നു. പല കൃതികളിലും ഹിന്ദുസ്ഥാനി സംഗീതത്തിലുള്ള അദ്ദേഹത്തിന്റെ അസാമാന്യ പാണ്ഡിത്യം പ്രതിഫലിക്കുന്നു.

**ഓർമ്മിക്കുക**

- *ദീക്ഷിതർ കൃതികളിലെ ആലങ്കാരിക അംഗങ്ങൾ*

**പ്രവർത്തനം**

- *ദീക്ഷിതർ കൃതികളിലെ ആലങ്കാരിക അംഗങ്ങളുടെ ചാർട്ട് തയാറാക്കുക.*

## 6.2.6 ദീക്ഷിതർ കൃതികളുടെ പ്രത്യേകതകൾ

താളത്തിന്റെ വിശദാംശങ്ങളിൽ അഗാധ പാണ്ഡിത്യമുണ്ടായിരുന്ന ദീക്ഷിതർ വിളംബ കാലത്തോട് പ്രത്യേക പ്രതിപത്തി പുലർത്തിയിരുന്നു. അദ്ദേഹത്തിന്റെ മിക്ക കൃതികളും വിളംബ കാലത്തിലാണ് ചിട്ടപ്പെടുത്തിയിരിക്കുന്നത്.

ഒന്നിലേറെ തവണ ശ്രവിച്ചാൽ മാത്രമേ ദീക്ഷിതർ കൃതികളുടെ ശ്രേഷ്ഠത മനസിലാക്കുവാൻ സാധിക്കുകയുള്ളൂ. അതുകൊണ്ടു തന്നെ അദ്ദേഹത്തിന്റെ കൃതികളെ നാളികേര രസത്തോട് ഉപമിച്ചിരിക്കുന്നു. നാളികേരം കഴിക്കുന്നതിന് അതിന്റെ തൊണ്ടും ചിരട്ടയും മാറ്റണം. അതുപോലെ ദീക്ഷിതർ കൃതികൾ മനസിലാക്കുന്നതിന് അലങ്കാരങ്ങളും കാവ്യമീമാംസയും അറിഞ്ഞിരിക്കണം.

## 6.2.7 ദീക്ഷിതരുടെ സമുദായ കൃതികൾ

സാധാരണ കൃതികൾ കൂടാതെ ദീക്ഷിതർ സമുദായകൃതികളും രാഗമാലികകളും രചിച്ചിട്ടുണ്ട്.

**മുത്തുസ്വാമി ദീക്ഷിതരുടെ സമുദായകൃതികൾ** *പട്ടിക :6-2-1*

| | |
|---|---|
| നവഗ്രഹ കൃതികൾ | 9 ഗ്രഹങ്ങളെ പ്രകീർത്തിച്ച് രചിച്ച 9 കൃതികൾ |
| കമലാംബ നവാവരണം | ദേവിയെ പ്രകീർത്തിച്ച് രചിച്ച 9 കൃതികൾ |
| ശിവ നവാവരണം | ശിവനെ പ്രകീർത്തിച്ച് രചിച്ച 9 കൃതികൾ |
| പഞ്ചലിംഗസ്ഥല കൃതികൾ | പഞ്ചഭൂതങ്ങളെ പ്രകീർത്തിച്ച് രചിച്ച 5 കൃതികൾ |
| ഷോഡശ ഗണപതി കൃതികൾ | തിരുവാരൂരിലെ ഗണപതിയെ പ്രകീർത്തിച്ച് രചിച്ച 16 കൃതികൾ |

## 6. 2. 8 പഞ്ചലിംഗസ്ഥല കൃതികൾ

പ്രിഥ്വി (ഭൂമി), അപ് (ജലം), തേയു (അഗ്നി), വായു, ആകാശം എന്നീ പഞ്ചഭൂതങ്ങളെ പ്രകീർത്തിച്ചെഴുതിയ 5 കൃതികളാണിവ. ഈ കൃതികളിലെല്ലാം വാഗ്ഗേയകാരമുദ്ര, രാഗമുദ്ര, താളമുദ്ര, ലിംഗമുദ്ര എന്നിവ കാണപ്പെടുന്നു.

പട്ടിക : 6-2-2

| ലിംഗം | കൃതി | രാഗം | താളം |
|---|---|---|---|
| പ്രിഥ്വി/ഭൂമി | ചിന്തയ | ഭൈരവി | രൂപകം |
| അപ്/ജലം | ജംപൂപതേ | യമുനാകല്യാണി | തിശ്ര ഏകം |
| തേയു/അഗ്നി | അരുണാചല | സാരംഗ | രൂപകം |
| വായു | ശ്രീ കാളഹസ്ത | ഹംസധ്വനി | ജംപ |
| ആകാശം | ആനന്ദനടനം | കേദാരം | ചാപ്പ് |

### ഓർമ്മിക്കുക

- *ദീക്ഷിതരുടെ സംഗീത സംഭാവനകൾ*
- *പഞ്ചലിംഗ കൃതികളുമായി ബന്ധപ്പെട്ട പഞ്ചഭൂതങ്ങൾ*

### പ്രവർത്തനം

- *ദീക്ഷിതരുടെ സമുദായ കൃതികളുടെ ഓഡിയോ അവതരണം*

## (3) ശ്യാമശാസ്ത്രികൾ (1762 – 1827)



### പഠനനേട്ടങ്ങൾ

- ശ്യാമശാസ്ത്രിയുടെ ജീവിതത്തേയും സംഗീത സംഭാവനകളേയും കുറിച്ചു മനസ്സിലാക്കുന്നു.
- നവരത്നമാലിക പോലുള്ള കൃതിസമുച്ചയം പരിചയപ്പെടുന്നു.
- വിലോമ ചാപ്പ് താളം പരിചയപ്പെടുന്നു.
- ശ്യാമശാസ്ത്രിയുടെ സ്വരജതികളെപ്പറ്റി മനസ്സിലാക്കുന്നു.

**പ്രധാനാശയങ്ങൾ**

- ശ്യാമശാസ്ത്രിയുടെ ജീവിതചിത്രം
- സംഗീതഭ്യസനം
- വൈവിധ്യം
- സംഗീത സംഭാവനകൾ
- ചാപ്പുതാളത്തിലുള്ള പ്രാവീണ്യം
- കൃതിസമുച്ചയം
- സ്വരജതികൾ
- നവരത്നമാലിക

## 6.3. 1 ആമുഖം

കർണാടക സംഗീത ത്രിമൂർത്തികളിലെ കാരണവർ എന്ന വിശേഷണത്തിന് അർഹനാണ് ശ്യാമശാസ്ത്രി. ധാർമിക സത്യങ്ങൾ ലോകത്ത് പ്രചരിപ്പിക്കുന്നതിന് ഈശ്വരനാൽ അയക്കപ്പെട്ട ദിവ്യാത്മാവായി അദ്ദേഹത്തെ വിശേഷിപ്പിക്കുന്നു.

## 6.3. 2 ബാല്യം

തിരുവാരൂരിൽ 1762 ഏപ്രിൽ 26 - നാണ് ശ്യാമശാസ്ത്രി ജനിച്ചത്. വിശ്വനാഥ അയ്യരായിരുന്നു പിതാവ്. വെങ്കട സുബ്രഹ്മണ്യൻ എന്നായിരുന്നു മാതാപിതാക്കൾ അദ്ദേഹത്തെ സ്നേഹപൂർവ്വം വിളിച്ചിരുന്നത്. സംഗീതത്തിന്റെ പ്രാഥമിക പാഠങ്ങൾ മാതാവിൽ നിന്നു തന്നെയാണ് അദ്ദേഹം അഭ്യസിച്ചത്. സംസ്കൃതം, തെലുങ്ക് മുതലായ ഭാഷകളിൽ വളരെ ചെറുപ്പത്തിൽ തന്നെ അദ്ദേഹത്തിന് വിദഗ്ധ ശിക്ഷണം ലഭിച്ചു. അദ്ദേഹത്തിന്റെ 18-ാമത്തെ വയസ്സിൽ കുടുംബം തഞ്ചാവൂരിലെത്തുകയും അവിടെ ബംഗാരു കാമാക്ഷിക്ക് പൂജാദി കർമ്മങ്ങൾ ചെയ്ത് താമസമുറപ്പിക്കുകയും ചെയ്തു.

## 6.3. 3 സംഗീതാഭ്യസനം

സംഗീതസ്വാമി എന്നു പേരായ ആന്ധ്രാ സ്വദേശിയായ സന്യാസിയാണ് ശ്യാമശാസ്ത്രിയെ സംഗീതലോകത്തേക്ക് നയിച്ചത്. സംഗീത സ്വാമിയുടെ കീഴിൽ സംഗീത പഠനം തുടങ്ങി 3 വർഷത്തിനുള്ളിൽ സ്വര - രാഗ - താളങ്ങളുമായി ബന്ധപ്പെട്ട വിവിധ മേഖലകളിൽ അഗാധ പരിജ്ഞാനം നേടി. സംഗീത സംബന്ധിയായ ഗ്രന്ഥങ്ങൾ സമ്മാനിക്കുകയും ശ്യാമശാസ്ത്രിയെ പച്ചിമിരിയം ആദി അയ്യപ്പയുടെ കീഴിൽ സംഗീതത്തിൽ ഉപരിപഠനത്തിന് അയക്കുകയും ചെയ്തത് സ്വാമിയാണ്. വായ്പ്പാട്ടിനു പുറമേ വീണയും ആദി അപ്പയ്യയിൽ നിന്ന് അഭ്യസിച്ച ശ്യാമശാസ്ത്രി, വളരെ വേഗം തന്നെ ഗായകൻ, വാഗ്ഗേയകാരൻ എന്നീ നിലകളിൽ തന്റെ സാന്നിധ്യം അറിയിച്ചു.

**ഓർമ്മിക്കുക**

- *ശ്യാമശാസ്ത്രിയുടെ ബാല്യകാലം*
- *സംഗീതഭ്യസനം*

## 6.3.4 സംഭാവനകൾ

സംഗീതജ്ഞൻ, വാഗ്ഗേയകാരൻ എന്നീ നിലകളിൽ രാജ്യത്തുടനീളം അദ്ദേഹം അറിയപ്പെട്ടു. നിരൂപകരുടെയും തന്റെ സമകാലീനരുടെയും മുക്തകണ്ഠ പ്രശംസ നേടുന്നതിന് അദ്ദേഹത്തിന്റെ കൃതികൾക്ക് കഴിഞ്ഞു.

വളരെയധികം അപൂർവ്വരാഗങ്ങളിൽ അദ്ദേഹം കൃതികൾ ചിട്ടപ്പെടുത്തി താള ത്തിന്റെ മേഖലയിൽ അതുല്യനായ വാഗ്ഗേയകാരനായിരുന്നു അദ്ദേഹം. സംസ്കൃതത്തിലും തെലുങ്കിലും അദ്ദേഹത്തിനുണ്ടായിരുന്ന വൈദഗ്ധ്യം അദ്ദേഹത്തിന്റെ കൃതികളെ ഗഹനവും സാഹിത്യ പ്രധാനവുമാക്കുന്നതിൽ നിർണായകമായ പങ്ക് വഹിച്ചിട്ടുണ്ട്. തമിഴിലും ഏതാനും കൃതികൾ അദ്ദേഹം രചിച്ചിട്ടുണ്ട്.

കുടുംബ ദേവതയായ കാമാക്ഷിയെ സ്തുതിച്ചുകൊണ്ടുള്ള കൃതികളാണ് അദ്ദേഹം കൂടുതലും രചിച്ചത്. ഭക്തിരസം തുളുമ്പുന്നവയായിരുന്നു അദ്ദേഹത്തിന്റെ കൃതികൾ. പാണ്ഡിത്യം നിറഞ്ഞ അദ്ദേഹത്തിന്റെ കൃതികൾ മറ്റ് വാഗ്ഗേയകാരന്മാരുടെ രചനകളിൽ നിന്നും വേറിട്ടു നിൽക്കുന്നവയാണ്. ചിന്താമണി, മാഞ്ചി, കൽഗഡ തുടങ്ങിയ അപൂർവ്വരാഗങ്ങളിലെ കൃതികൾ അദ്ദേഹത്തിന്റെ അസാമാന്യ പ്രതിഭയുടെ തെളിവുകളാണ്.

**ഓർമ്മിക്കുക**

- *ശ്യാമശാസ്ത്രിയുടെ സംഗീത സംഭാവനകൾ*
- *ശ്യാമശാസ്ത്രി ഉപയോഗിച്ച അപൂർവരാഗങ്ങൾ*

**പ്രവർത്തനം**

- *അപൂർവ്വരാഗങ്ങളിലുള്ള ശ്യാമശാസ്ത്രിയുടെ കൃതിക ളുടെ ഓഡിയോ ശേഖരിക്കുക.*

## 6.3.5 ചാപ്പ് താളത്തിലെ പ്രാവീണ്യം

താളത്തിൽ അഗാധമായ പരിജ്ഞാനമുണ്ടായിരുന്ന ശ്യാമശാസ്ത്രിയുടെ ഇഷ്ട താളമായിരുന്നു ചാപ്പ് താളം. വിലോമചാപ്പ് എന്ന ചാപ്പുതാളത്തിന്റെ വക ഭേദം (4+3) ആദ്യമായി കൃതികളിൽ പ്രയോഗിച്ചത് അദ്ദേഹമായിരുന്നു. പൂർവ്വി കല്യാണി രാഗത്തിലുള്ള "നിന്നുവിനാ' എന്ന അദ്ദേഹത്തിന്റെ കൃതി വിലോമ

ചാപ്പിലാണ് ചിട്ടപ്പെടുത്തിയിരിക്കുന്നത്. വിലോമചാപ്പിൽ ഏതാനും ചില കൃതികൾ കൂടി അദ്ദേഹത്തിന്റേതായുണ്ട്. ദേവീസ്തുതികളായിരുന്നു അദ്ദേഹത്തിന്റെ കീർത്തനങ്ങളിൽ ഭൂരിഭാഗവും.

**ഓർമ്മിക്കുക**

- *വിലോമചാപ്പുതാളത്തിന്റെ ഘടന*

**പ്രവർത്തനം**

- *പൂർവ്വികല്യാണി രാഗത്തിലെ നിന്നുവിനാ എന്ന കൃതിയുടെ ഓഡിയോ ശ്രവിച്ചുകൊണ്ട് വിലോമചാപ്പിൽ താളം പിടിക്കുക.*

## 6. 3. 6 സ്വരജതികൾ

സ്വരജതി എന്ന സംഗീതരൂപത്തിന്റെ ശില്പിയായാണ് ശ്യാമശാസ്ത്രിയെ വിശേഷിപ്പിക്കുന്നത്. ജതികൾ ഒഴിവാക്കുകയും എന്നാൽ ജതികൾക്ക് സമാന്തരമായ സ്വരപ്രയോഗങ്ങളിലൂടെ സ്വരജതിയെ ഉത്തമമായൊരു സംഗീതരൂപമാക്കിയതിൽ അദ്ദേഹത്തിന്റെ പങ്ക് ചെറുതല്ല. തോഡി, ഭൈരവി, യദുകുലകാംബോജി എന്നീ രാഗങ്ങളുള്ള മൂന്ന് സ്വരജതികൾ കർണാടക സംഗീതത്തിലെ അപൂർവ്വ രത്നങ്ങളാണ്. രാഗ-താളാദി വിഷയങ്ങളിൽ ആധികാരികമായ പരിജ്ഞാനമുള്ളവർക്ക് ആലപിക്കാൻ കഴിയുന്നവയാണിവ. ഇവയ്ക്ക് പുറമേ മധുര മീനാക്ഷിയെ പ്രകീർത്തിച്ചുകൊണ്ടും അനേകം കൃതികൾ അദ്ദേഹം രചിച്ചിട്ടുണ്ട്.

**ഓർമ്മിക്കുക**

- *ശ്യാമശാസ്ത്രിയുടെ ഭൈരവി, തോടി, യദുകുല കാംബോജി എന്നീ രാഗങ്ങളിലെ സ്വരജതികൾ*

**പ്രവർത്തനം**

- *ശ്യാമശാസ്ത്രി ചിട്ടപ്പെടുത്തിയ മൂന്ന് സ്വരജതികൾ കേൾക്കുക*

## 6. 3. 7 രചനാരീതി

ശ്യാമശാസ്ത്രിയുടെ കൃതികളെ കദളിപ്പഴത്തോട് സാദൃശ്യപ്പെടുത്തിയിരിക്കുന്നു. കദളിപ്പഴത്തിന്റെ ആവരണം മാറ്റി പഴം കഴിക്കാൻ സാധിക്കുന്നതുപോലെ ശ്യാമശാസ്ത്രിയുടെ കൃതികൾ ആസ്വദിക്കാൻ കഴിയും. ശ്യാമകൃഷ്ണ എന്ന മുദ്രയാണ് അദ്ദേഹം തന്റെ കൃതികളിൽ ഉപയോഗിച്ചിരിക്കുന്നത്.

## 6. 3. 8 നവരത്നമാലിക

മധുര മീനാക്ഷിയെ സ്തുതിച്ചുകൊണ്ട് ശ്യാമശാസ്ത്രി രചിച്ച 9 കൃതികളടങ്ങുന്ന കൃതി സമുച്ചയമാണ് നവരത്നമാലിക. ഈ കൃതികളുടെ ആവിർഭാവത്തിന് പിന്നിൽ ഒരു സംഭവമുള്ളതായി പറയപ്പെടുന്നു. ഒരിക്കൽ പുതുക്കോട്ടയിലെ ഒരു ക്ഷേത്രത്തിൽ പ്രാർത്ഥനയിൽ മുഴുകിയിരുന്ന ശ്യാമശാസ്ത്രിക്ക് മുൻപിൽ ഒരു അപരിചിതൻ പ്രത്യക്ഷപ്പെടുകയും മധുരയിലെ മീനാക്ഷിക്ഷേത്രത്തിൽ പോയി ദേവിയെക്കുറിച്ച് ഏതാനും കൃതികൾ എഴുതുന്നതിന് ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ ഇക്കാര്യം മറന്നുപോയ ശ്യാമശാസ്ത്രിക്ക് സ്വപ്നത്തിൽ ഒരിക്കൽ കൂടി ദർശനം ലഭിക്കുകയും അതനുസരിച്ച് തന്റെ ശിഷ്യനായ ആലാസൂർ കൃഷ്ണയ്യരോടൊപ്പം മധുര ക്ഷേത്രത്തിലേക്ക് പുറപ്പെടുകയും കൃതികൾ രചിക്കുകയും ചെയ്തു എന്നാണ് പറയപ്പെടുന്നത്.

**നവരത്നമാലികയിലെ ചില കൃതികൾ**

*പട്ടിക :6-3-1*

| കൃതി | രാഗം | താളം |
|---|---|---|
| സരോജദളനേത്രി | ശങ്കരാഭരണം | ആദി |
| മരിവേറെഗതി | ആനന്ദഭൈരവി | ചാപ്പ് |
| നന്നുബ്രോവലളിത | ലളിത | ചാപ്പ് |

### ഓർമ്മിക്കുക

- *ശ്യാമശാസ്ത്രികളുടെ നവരത്നമാലിക കൃതികൾ*
- *കൃതികളിൽ ഉപയോഗിച്ചിരിക്കുന്ന രാഗങ്ങളും താളങ്ങളും*

### പ്രവർത്തനം

- *നവരത്നമാലികാ കീർത്തനങ്ങൾ രാഗം, താളം* എന്നിവ സഹിതം ഒരു ചാർട്ടാക്കി പ്രദർശിപ്പിക്കുക.

## മൂല്യനിർണയം

1. ദക്ഷിണേന്ത്യയിലെ സംഗീത ത്രിമൂർത്തികൾ എന്നറിയപ്പെടുന്ന സംഗീതജ്ഞർ — 1
2. ദക്ഷിണേന്ത്യയിലെ സംഗീത ത്രിമൂർത്തികളിലെ ഇളമുറക്കാരൻ — 1
3. ദക്ഷിണേന്ത്യയിലെ സംഗീത ത്രിമൂർത്തികളിലെ മുതിർന്ന സംഗീതജ്ഞൻ — 1
4. ത്യാഗരാജന്റെ ഗുരുനാഥന്റെ പേര് — 1
5. മുത്തുസ്വാമിദീക്ഷിതർ തന്റെ ആദ്യകൃതി ചിട്ടപ്പെടുത്തിയ രാഗം — 1
6. ശ്യാമശാസ്ത്രി രചിച്ച സമുദായകൃതികൾ — 1
7. പഞ്ചരത്നകൃതികൾ രചിച്ച വാഗ്ഗേയകാരൻ — 1
8. വിലോമചാപ്പുതാളത്തിൽ അഗ്രഗണ്യനായ വാഗ്ഗേയകാരൻ — 1
9. ശ്യാമശാസ്ത്രി തന്റെ കൃതികളിൽ ഉപയോഗിച്ചിരുന്ന മുദ്ര — 1
10. ത്യഗരാജൻ രചിച്ച 2 കൃതികൾ — 2
11. മുത്തുസ്വാമി ദീക്ഷിതർ രചിച്ച 2 കൃതിസമുച്ചയങ്ങൾ — 2
12. നവരത്നമാലികയെക്കുറിച്ച് ലഘുകുറിപ്പ് തയാറാക്കുക. — 3
13. പഞ്ചരത്ന കൃതികളെക്കുറിച്ച് ലഘുവായി വിവരിക്കുക. — 3
14. ത്യാഗരാജൻ രചിച്ച സമുദായ കൃതികൾ ഉദാഹരണ സഹിതം വിവരിക്കുക. — 5
15. **ചേരുംപടി ചേർക്കുക.** — 5

| | | | |
|---|---|---|---|
| (a) | ത്യാഗരാജൻ | - | ആദിഗുരു |
| (b) | ദീക്ഷിതർ | - | ശ്യാമകൃഷ്ണ |
| (c) | ശ്യാമശാസ്ത്രി | - | ഗുരുഗുഹ |
| (d) | സ്വാതിതിരുനാൾ | - | സ്വരാർണവം |
| (c) | പുരന്ദരദാസർ | - | ജലജനാഭ |

16. **ചേരുംപടി ചേർക്കുക.** 5

| | | | |
|---|---|---|---|
| (a) | ത്യാഗരാജൻ | – | പഞ്ചലിംഗസ്ഥല കൃതികൾ |
| (b) | ദീക്ഷിതർ | – | നവരാത്രി കൃതികൾ |
| (c) | ശ്യാമശാസ്ത്രി | – | സംഗീതപിതാമഹൻ |
| (d) | സ്വാതിതിരുനാൾ | – | ഘനരാഗപഞ്ചരത്നം |
| (c) | പുരന്ദരദാസർ | – | നവരത്നമാലിക |

17. കർണാടക സംഗീതത്തിന് ത്യാഗരാജൻ നൽകിയ സംഭാവനകൾ വിവരിക്കുക. 5

18. മുത്തുസ്വാമി ദീക്ഷിതരുടെ ജീവിതവും സംഗീതസംഭാവനകളും വർണ്ണിക്കുക. 5

19. ശ്യാമശാസ്ത്രിയുടെ ജീവിതവും സംഗീതസമ്പ്രദായവും വിശദമായി പ്രതിപാദിക്കുക. 5

## റഫറൻസ്


1. ഗ്രേറ്റ് കമ്പോസേഴ്സ് – പ്രൊഫ. പി. സാംബമൂർത്തി
2. സൗത്ത് ഇന്ത്യൻ മ്യൂസിക് – പ്രൊഫ. പി. സാംബമൂർത്തി
3. സ്പ്ലെൻഡർ ഓഫ് സൗത്ത് ഇന്ത്യൻ മ്യൂസിക് – ഡോ. ചെല്ലദുരൈ
4. ദക്ഷിണേന്ത്യൻ സംഗീതം – ശ്രീ. എ.കെ. രവീന്ദ്രനാഥ്
5. തിയറി ഓഫ് ഇന്ത്യൻ മ്യൂസിക് – മിസ്. എൽ. ഐസക്

D1E5T9

# യൂണിറ്റ് - 7

# രാഗലക്ഷണം

## പഠനനേട്ടങ്ങൾ

- രാഗത്തിന്റെ ആരോഹണാവരോഹണങ്ങൾ മനസ്സിലാക്കുന്നു.
- രാഗങ്ങളെ ജനകം, ജന്യം എന്നിങ്ങനെ വർഗ്ഗീകരിക്കുന്നു.
- ജന്യരാഗങ്ങളുടെ ജനകരാഗങ്ങളെ കണ്ടെത്തുന്നു.
- ഈ രാഗങ്ങളിലെ സ്വരക്രമീകരണം മനസ്സിലാക്കുന്നു.
- ഈ രാഗങ്ങളിലെ പ്രധാന കൃതികൾ കണ്ടെത്തുന്നു.
- ഈ രാഗങ്ങളിൽ രചനകൾ നടത്തിയിട്ടുള്ള വാഗ്ഗേയകാരന്മാരെ തിരിച്ചറിയുന്നു.
- ഇവയിലെ വിവിധ സംഗീതരൂപങ്ങളെ പരിചയപ്പെടുന്നു.

### പ്രധാനാശയങ്ങൾ

- മായാമാളവഗൗള
- ശങ്കരാഭരണം
- കല്യാണി
- മോഹനം
- ഹംസധ്വനി
- ബിലഹരി

രാഗത്തിന്റെ വിവിധ ഘടകങ്ങളായ സ്വരങ്ങൾ, അവയുടെ വകഭേദങ്ങൾ, സവിശേഷ പ്രയോഗങ്ങൾ, സ്വരസഞ്ചാരങ്ങൾ, പ്രധാനപ്പെട്ട രചനകൾ എന്നിവയുടെ വിവരണാത്മകമായ വിശദാംശങ്ങളാണ് രാഗലക്ഷണം എന്നതുകൊണ്ട് വിവക്ഷിക്കുന്നത്. കർണ്ണാടകസംഗീതത്തിലെ പ്രധാനപ്പെട്ട ഏതാനും രാഗങ്ങളുടെ ലക്ഷണം താഴെ ചേർക്കുന്നു.

## 7.1 മായാമാളവഗൗള

15-ാ മത് മേളകർത്താരാഗം. 3-ാമത്തെ ചക്രത്തിലെ 3-ാമത്തെ രാഗമാണിത്. (അഗ്നി - ഗോ)

| | | |
|---|---|---|
| ആരോഹണം | : | സ രി ഗ മ പ ധ നി സ് |
| അവരോഹണം | : | സ് നി ധ പ മ ഗ രി സ |

ഷഡ്ജവും പഞ്ചമവും കൂടാതെ ശുദ്ധഋഷഭം, അന്തര ഗാന്ധാരം, ശുദ്ധമധ്യമം, ശുദ്ധ ധൈവതം, കാകളി നിഷാദം എന്നിവയാണ് ഈ രാഗത്തിലുപയോഗിക്കുന്ന സ്വരങ്ങൾ. അനേകം ജന്യരാഗങ്ങൾ കാണപ്പെടുന്ന ഒരു ജനകരാഗമാണിത്. ഗ, നി, എന്നിവ ജീവസ്വരങ്ങളും സ, ഗ, ധ, നി എന്നിവ ഗ്രഹസ്വരങ്ങളുമാണ്. ശാന്തരസമാണ് ഈ രാഗത്തിന്റെ മുഖമുദ്ര. സംഗീത രത്നാകരം തുടങ്ങിയ പുരാതന ലക്ഷണ ഗ്രന്ഥങ്ങളിൽ ഈ രാഗത്തെക്കുറിച്ച് പരാമർശമുണ്ട്.

കർണാടക സംഗീതവിദ്യാർഥികൾ പ്രാഥമിക പാഠങ്ങൾ അഭ്യസിക്കുന്ന രാഗമാണ് മായാമാളവഗൗള. ഹിന്ദുസ്ഥാനി സംഗീതത്തിലെ 'ഭൈരവ് ഥാട്ടി'ന് സമാനമായ മേളരാഗമാണിത്.

പട്ടിക :7-1

| രചന | വിഭാഗം | താളം | വാഗ്ഗേയകാരന്മാർ |
|---|---|---|---|
| രവികോടി | ലക്ഷണഗീതം | മഠ്യം | വെങ്കടമഖി |
| സരസിജനാഭ | വർണം | ആദി | സ്വാതിതിരുനാൾ |
| ദേവ ദേവ | കൃതി | രൂപകം | സ്വാതിതിരുനാൾ |
| തുളസീദള | കൃതി | രൂപകം | ത്യാഗരാജൻ |

**ഓർമ്മിക്കുക**

- *മായാമാളവഗൗളരാഗത്തിന്റെ ലക്ഷണങ്ങൾ*
- *മായാമാളവഗൗള രാഗത്തിലെ പ്രധാനപ്പെട്ട രചനകൾ*

**പ്രവർത്തനം**

- *മായാമാളവഗൗള രാഗത്തിലെ പ്രാഥമിക പാഠങ്ങൾ പാടി പരിശീലിക്കുക.*
- *മായാമാളവഗൗള രാഗത്തിന്റെ ലക്ഷണവും അതിലെ പ്രധാനപ്പെട്ട രചനകളും ഉൾക്കൊള്ളുന്ന ഒരു ചാർട്ട് തയാറാക്കുക.*

## 7.2 ധീരശങ്കരാഭരണം

29-ാമത് മേളകർത്താരാഗം. 5-ാമത്തെ ചക്രത്തിലെ 5-ാമത് രാഗമാണിത്. (ബാണ-മ)

ആരോഹണം : സ രി ഗ മ പ ധ നി സ്

അവരോഹണം : സ് നി ധ പ മ ഗ രി സ

ഷഡ്ജവും പഞ്ചമവും കൂടാതെ ചതുശ്രുതി ഋഷഭം, അന്തരഗാന്ധാരം, ശുദ്ധമധ്യമം, ചതുശ്രുതി ധൈവതം, കാകളി നിഷാദം എന്നിവയാണ് ഈ രാഗത്തിലുപയോഗിക്കുന്ന സ്വരങ്ങൾ. അനേകം ജന്യരാഗങ്ങളുള്ള ഒരു ജനകരാഗമാണിത്. ഇതിലെ എല്ലാ സ്വരങ്ങളും രാഗഛായാസ്വരങ്ങളാണ്. രി, ഗ, ധ, നി എന്നിവ ന്യാസസ്വരങ്ങളുമാണ്. സ, ഗ, മ, പ എന്നിവ ഗ്രഹസ്വരങ്ങളാണ്. എല്ലാ വിഭാഗത്തിൽപ്പെട്ട സംഗീതരൂപങ്ങളും ഈ രാഗത്തിൽ കാണപ്പെടുന്നു. വിവിധ രസങ്ങൾ പ്രകടിപ്പിക്കുവാൻ കഴിയുന്ന രാഗമാണിത്. സംഗീത രത്നാകരം, സംഗീത മകരന്ദം, തുടങ്ങിയ ഗ്രന്ഥങ്ങളിൽ പരാമർശമുള്ളൊരു പുരാതന രാഗമാണിത്.

